©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പതിനാറാമത് റിപ്പോർട്ട്

(2021 നവംബർ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2011-2014) യുടെ 20-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പതിനാറാമത് റിപ്പോർട്ട്

(2021 നവംബർ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2011-2014) യുടെ 20-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

2064/2021.

<u>ഉള്ളടക്കം</u>

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | .. | 62 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023)യുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 20-ാമത് റിപ്പോർട്ടിലെ (കൊച്ചി കോർപ്പറേഷനെ സംബന്ധിച്ചത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 നവംബർ മാസം 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 നവംബർ 9.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 20-ാമത് റിപ്പോർട്ടിലെ (കൊച്ചി കോർപ്പറേഷനെ സംബന്ധിച്ചത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 20-ാമത് റിപ്പോർട്ട് 2013 ഏപ്രിൽ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 63 ശിപാർശകളാണുള്ളത്. ഇവയിൽ ഖണ്ഡിക 99, 177 ഒഴികെ എല്ലാ ശിപാർശകളിന്മേലും മറുപടി ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ശേഷിക്കുന്ന ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ഇവയിന്മേലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ് എന്നിവ 21-11-2018 തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ശിപാർശ ഖണ്ഡികകൾ 106, 107, 108, 113, 114, 142, 143 എന്നിവയിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അത് സംബന്ധിച്ച് സമിതി അധിക വിവരം ആരായുകയും ചെയ്തിരുന്നു. എന്നാൽ ആയതിനുള്ള മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല.

1.3 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശകളിന്മേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്, സമിതി ആരാഞ്ഞ അധികവിവരം, അധികവിവരത്തിന്മേൽ ലഭ്യമായ മറുപടി, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.5 സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെ സർക്കാർ മറുപടി ലഭ്യമാകാത്ത ശിപാർശകൾ അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു.

2013-ൽ സമർപ്പിച്ച സമിതി റിപ്പോർട്ടിലെ അവശേഷിക്കുന്ന ശിപാർശകളിൽ നാളിതുവരെ മറുപടി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു.

2064/2021.

## അദ്ധ്യായം II

**സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർശിപാർശകളും.**

ഖണ്ഡിക നമ്പർ 106, 107, 108

ശിപാർശ

2.1.1 കൊച്ചി നഗരസഭയ്ക്ക് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി തൃപ്പൂണിത്തുറ പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിൽനിന്നും 85,58,325 രൂപ നൽകി പൊന്നുംവിലയ്ക്കെടുത്ത കൃഷ്ണവിലാസം കൊട്ടാരവളപ്പിലെ 1.28 ഏക്കർ ഭൂമി, ലക്ഷ്യമിട്ട പദ്ധതിക്ക് വിനിയോഗിക്കാതെയും സർക്കാർ അനുമതി കൂടാതെയുമാണ് എറണാകുളം ശിവക്ഷേത്ര സമിതിയുടെ അഭ്യർത്ഥന പ്രകാരം 3.75 കോടി രൂപയ്ക്ക് ക്ഷേത്രാവശ്യത്തിന് നൽകുവാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതെന്ന് സമിതി മനസ്സിലാക്കുന്നു. പൊന്നുംവിലയ്ക്കെടുത്ത ഭൂമിയുടെ വില നിശ്ചയിച്ചതിൽ ആക്ഷേപമുന്നയിച്ച് തൃപ്പൂണിത്തുറ പാലസ് അഡ്മിനിസ്ട്രേഷൻ എറണാകുളം സബ്കോടതിയിൽ സമർപ്പിച്ച എൽ.എ.ആർ. കേസിന്മേലുള്ള കോടതിവിധിപ്രകാരം 1,76,63,000 രൂപ കൂടി ഭൂമിക്കുള്ള വിലയായി സർക്കാർ നൽകേണ്ടതായിവന്നു. കരാർ പ്രകാരം നിശ്ചയിച്ച തുക യഥാസമയം നല്കാത്തതിന്റെ ഫലമായി 1,36,66,666 രൂപ പലിശയായി നല്കുവാൻ ക്ഷേത്രസമിതി ബാധ്യസ്ഥമായിരുന്നു. കോടതി നിർദ്ദേശത്തെ തുടർന്ന്, ശിവക്ഷേത്ര സമിതി നല്കുവാൻ അവശേഷിച്ചിരുന്ന 75 ലക്ഷം രൂപയും നഗരസഭ ഇളവ് ചെയ്ത പലിശത്തുകയായ 3,12,132 രൂപയും നഗരസഭയിൽ അടവാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ, എൽ.എ.ആർ. വിധിയിലൂടെ സർക്കാർ നൽകിയ 1,76,63,000 രൂപ നല്കുവാൻ ക്ഷേത്രസമിതി തയ്യാറായിട്ടില്ല.

2.1.2 ഒരു പ്രത്യേക ആവശ്യത്തിനായി പൊന്നുംവിലയ്ക്കെടുത്ത ഭൂമി വില്ക്കുവാൻ നഗരസഭയെടുത്ത തീരുമാനം ഉചിതമായില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പൊന്നുംവിലയ്ക്കെടുത്ത ഭൂമിയുടെ വില സംബന്ധിച്ച ആക്ഷേപം കോടതി മുമ്പാകെയുള്ളപ്പോൾ ആയതിന്മേലുള്ള കോടതി ഉത്തരവുമൂലമുണ്ടാകാവുന്ന ബാധ്യതകൂടി നൽകേണ്ടത് സംബന്ധിച്ച് വില്പനകരാറിൽ വ്യവസ്ഥ ചെയ്യാത്ത നഗരസഭയുടെ നടപടിയും നിരുത്തരവാദപരമാണെന്ന് സമിതി കരുതുന്നു. ഇത് സംബന്ധിച്ച് വ്യക്തത ഉണ്ടാകാതിരിക്കുമ്പോഴാണ് വില്പനവില യഥാസമയം അടവാക്കാത്തതിന്റെ ഫലമായി നൽകുവാനുണ്ടായിരുന്ന പലിശകൂടി ഇളവ് നൽകുവാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതെന്നത് സമിതിയെ അത്ഭുതപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് സർക്കാരിന്റെയും കോടതിയുടെയും അന്തിമതീരുമാനം അറിയിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ല.

2.1.3 ആയതിനാൽ, കോടതി ഉത്തരവ് മുഖേന ഭൂമിക്ക് നഗരസഭ അധികമായി നൽകേണ്ടിവന്ന 1,76,63,000 രൂപ ബാങ്ക് നിരക്കിലുള്ള പലിശസഹിതം കൊച്ചി ദേവസ്വം ബോർഡിൽനിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സ്ഥലം വിട്ടുകൊടുത്തതും പലിശ ഇളവ് ചെയ്തതും സംബന്ധിച്ച് നഗരസഭാ കൗൺസിൽ എടുത്ത തീരുമാനത്തിന്മേൽ സർക്കാർ അടിയന്തരമായി തീരുമാനമെടുത്ത് റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.4 കൊച്ചി നഗരസഭയുടെ അധീനതയിലുണ്ടായിരുന്ന കൃഷ്ണവിലാസം കൊട്ടാരവളപ്പിനോട് ചേർന്നുള്ള 1.2 ഏക്കർ സ്ഥലം എറണാകുളം ശിവക്ഷേത്രസമിതി 3 കോടി 75 ലക്ഷം രൂപയ്ക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ടി സ്ഥലം തൃപ്പൂണിത്തുറ പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡ് ബഹു. എറണാകുളം സബ് കോടതിയിൽ എൽ.എ.ആർ.81/97 നമ്പറായി കേസ് ഫയൽ ചെയ്യുകയും ഈ കേസിന്റെ വിധിന്യായത്തിൽ 1,76,63,500 രൂപ നഗരസഭ പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിന് നൽകുന്നതിന് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ബഹു. സർക്കാർ ബഹു. കോടതിയിൽ ടി തുക കെട്ടിവച്ചിരുന്നതും, ബഹു. സർക്കാർ ടി തുക നഗരസഭയുടെ ഗ്രാന്റിൽനിന്നും 3 ഗഡുക്കളായി തിരികെ പിടിച്ചിട്ടുള്ളതും എന്ന റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. കൂടാതെ ബഹു. ഹൈക്കോടതിയുടെ 7-2-2013-ലെ ഡി.ബി.പി. 28/10 നമ്പർ വിധിന്യായപ്രകാരം 17-2-2013-നുള്ളിൽ ടി സ്ഥലം എത്രയുംപെട്ടെന്ന് ദേവസ്വം ബോർഡിന് ആധാരം ചെയ്ത് നൽകണമെന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി കൈമാറുന്നതിനുള്ള ബഹു. സർക്കാർ ഉത്തരവിനായി കത്ത് അയക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3-4-2013-ലെ ജി.ഒ(ആർ.റ്റി) നം. 897/13/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം ടി ഭൂമി കൈമാറുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ടി ഭൂമി കൈമാറിയിട്ടുള്ളത്.

2.1.5 ടി സ്ഥലം താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തിയപ്പോൾ 10.352 സെന്റ് സ്ഥലം കുറവുള്ളതായും ടി സ്ഥലത്തിന്റെ വിലയായ 30,32,815 രൂപ കുറയ്ക്കണമെന്ന് ശിവക്ഷേത്ര സമിതി ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ബഹു. സർക്കാരിന്റെ 19-1-2010 -ലെ ജി.ഒ.(ആർ.ടി)നം.198/10/എൽ.എസ്.ജി.ഡി. പ്രകാരം എറണാകുളം ശിവക്ഷേത്ര സമിതി പലിശയിനത്തിൽ നഗരസഭയ്ക്ക് നൽകുവാനുള്ള തുക സംബന്ധിച്ച് ശിവക്ഷേത്ര സമിതിയുമായുള്ള സംശയങ്ങൾ ദൂരീകരിച്ച് നഗരസഭയ്ക്ക് പലിശയിനത്തിൽ നൽകുവാനുള്ള തുക പുനർനിർണ്ണയിക്കേണ്ടതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന തുക ശിവക്ഷേത്ര സമിതി നൽകുന്നതാണെന്നും ഉത്തരവായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ടി തുക അഡ്ജസ്റ്റ് ചെയ്ത് ആകെ പലിശ ഉൾപ്പെടെ 65,76,766 രൂപ

ഡി.ഡി. നം.15400025 തീയതി 5-4-2013 പ്രകാരം നഗരസഭാ ഫണ്ടിൽ ശിവക്ഷേത്ര സമിതി ഒടുക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടി പലിശ അഡ്ജസ്റ്റ് ചെയ്ത് നൽകിയ നടപടി സാധൂകരണത്തിനായി ബഹു. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും കൂടാതെ ടി വിഷയം സാധൂകരണത്തിനായി ബഹു. സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ് എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

2.1.6 ബഹു. കോടതി ഉത്തരവ് മുഖേന ഭൂമിയ്ക്ക് നഗരസഭ അധികമായി നൽകേണ്ടി വന്ന 1,76,83,000 രൂപ ബാങ്ക് നിരക്കിലുള്ള പലിശ സഹിതം കൊച്ചി ദേവസ്വം ബോർഡിൽനിന്നും ഈടാക്കുന്നതിനായി കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർക്ക് ഇതേ നമ്പർ കത്ത് തീയതി 31-1-2013 പ്രകാരം അറിയിപ്പ് നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ ദേവസ്വം ബോർഡിൽനിന്നും മറുപടി ലഭിച്ചിരുന്നു. ടി മറുപടിയിൽ കൊച്ചി നഗരസഭയുടെ അധീനതയിൽ ഉണ്ടായിരുന്ന കൃഷ്ണവിലാസം കൊട്ടാരം വളപ്പിന് ചേർന്നുള്ള 1.28 ഏക്കർ സ്ഥലം എറണാകുളം ശിവക്ഷേത്ര സമിതിയ്ക്ക് 3 കോടി 75 ലക്ഷം രൂപയ്ക്ക് കൈമാറിയിട്ടുള്ളതാണെന്നും കൊച്ചി നഗരസഭ ആവശ്യപ്പെട്ടിരുന്നതായ സംഖ്യ പൂർണ്ണമായും അടച്ചതിന് ശേഷമാണ് ടി സ്ഥലം കൈമാറ്റം നടത്തിയിട്ടുള്ളത് എന്നും പറയുന്നു. കൂടാതെ ടി സ്ഥലം നഗരസഭയിൽനിന്നും വാങ്ങിയിട്ടുള്ളത് എറണാകുളം ക്ഷേത്ര ഉപദേശക സമിതിയാണ്. എറണാകുളം ക്ഷേത്ര ഉപദേശക സമിതി ഭക്ത ജനങ്ങളിൽ നിന്നും സ്വരൂപിച്ച പണംകൊണ്ട് സ്ഥലം വാങ്ങി കൊച്ചി ദേവസ്വം ബോർഡിന് കൈമാറിയതാണ് കൊച്ചി നഗരസഭയും എറണാകുളം ശിവക്ഷേത്ര സമിതിയും തമ്മിലുള്ള വസ്തു വിൽപ്പന കരാറിൽ 3 കോടി 75 ലക്ഷം രൂപയും ആയതിന്റെ പലിശയും മാത്രമേ വിലയായി കാണിച്ചിട്ടുള്ളൂ എന്നും ആയതിനാൽ ടി തുക അടയ്ക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് യാതൊരു ബാധ്യതയുമില്ല എന്ന് മറുപടിയിൽ പറയുന്നു. മേൽ സാഹചര്യത്തിൽ ടി വിഷയം ബഹു. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും കൂടാതെ ബഹു. കൗൺസിലിന്റെ 12-4-2013-ലെ 61-ാം നമ്പർ പ്രകാരം 10.352 സെന്റ് സ്ഥലം കുറവുള്ള വസ്തുത ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അത്രയും സ്ഥലത്തിന്റെ വില തൃപ്പൂണിത്തുറ പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിൽനിന്നും തിരികെപിടിയ്ക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു എന്നുള്ള വിവരംകൂടി ഇതോടൊപ്പം ബോധിപ്പിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.1.7 ബഹു. ഹൈക്കോടതിയുടെ 7-2-2013-ലെ ഡി.ബി.പി. 28/10 നമ്പർ വിധിന്യായപ്രകാരം 17-2-2013 നുള്ളിൽ പ്രസ്തുത സ്ഥലം ദേവസ്വം ബോർഡിന് ആധാരം ചെയ്തുനല്കണമെന്നുള്ള ഉത്തരവ് സർക്കാരിനെ അറിയിക്കുകയും 3-4-2013 -ലെ ജി.ഒ. (ആർ.ടി)897/13/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവനുസരിച്ച് പ്രസ്തുത ഭൂമി ദേവസ്വം ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

നഗരസഭ ദേവസ്വം ബോർഡിന് കൈമാറ്റം ചെയ്ത പ്രസ്തുത സ്ഥലം താലൂക്ക് സർവേയർ അളന്നുതിട്ടപ്പെടുത്തിയപ്പോൾ 10.352 സെന്റ് സ്ഥലം കുറവുള്ളതായും കുറവുള്ള സ്ഥലത്തിന്റെ വിലയായ 30,32,815 രൂപ, നല്കാനുള്ള തുകയിൽ നിന്ന് കുറയ്ക്കണമെന്ന് ശിവക്ഷേത്ര സമിതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 19-1-2010-ലെ ജി.ഒ. (ആർ.ടി) 198/10/എൽ.എസ്.ജി.ഡി. മുഖേന ശിവക്ഷേത്രസമിതി നഗരസഭയ്ക്ക് പലിശയിനത്തിൽ നല്കാനുള്ള തുക പുനർനിർണ്ണയിക്കുകയുണ്ടായി. ആയതു പ്രകാരം പ്രസ്തുത തുക അഡ്ജസ്റ്റ് ചെയ്ത് പലിശയുൾപ്പെടെ ആകെ 65,76,766 രൂപ ഡി.ഡി.നം.15400025 തീയതി 5-4-2013 ആയി ശിവക്ഷേത്ര സമിതി നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുള്ളതായി ഫയൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പലിശ അഡ്ജസ്റ്റ് ചെയ്ത് നൽകിയ നടപടിക്ക് സർക്കാരിന്റെ സാധൂകരണം ലഭ്യമായത് സംബന്ധിച്ച് വിവരങ്ങൾ ഇല്ല.

**തുടർശിപാർശ**

**2.1.8 എറണാകുളം ശിവക്ഷേത്ര സമിതിയ്ക്ക് പലിശ അഡ്ജസറ്റ് ചെയ്ത് നൽകിയ നടപടിയിന്മേൽ സർക്കാർ തീരുമാനത്തിനനുസരിച്ച് തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 113, 114

ശിപാർശ

2.2.1 പള്ളുരുത്തി സർക്കാർ ആശുപത്രിയിലെ ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണപദ്ധതി 31-3-2000-ൽ പൂർത്തിയാക്കേണ്ടതായിരുന്നുവെന്നും 2003 നവംബർ മാസമായിട്ടും നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചില്ലെന്നും ഭാഗികമായി ചെയ്ത പ്രവൃത്തിയുടെ മൂല്യം 3,25,496 രൂപയായിരിക്കെ 3,60,396 രൂപ കരാർ സ്ഥാപനമായ സൊസൈറ്റിക്ക് നല്കിയതിലൂടെ 34,900 രൂപ അധികം നല്കിയെന്നും അധികമായി നൽകിയ ടി തുക തിരിച്ചു പിടിക്കാനുള്ള റവന്യൂ റിക്കവറി ആരംഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. റവന്യൂ റിക്കവറി നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ആയതിന്മേലുള്ള നിലവിലെ സ്ഥിതി, ക്വാർട്ടേഴ്സ്

നിർമ്മാണത്തിന്റെ പൂർത്തീകരണം എന്നിവ സംബന്ധിച്ച റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം ലഭ്യമാക്കണമെന്ന് 7-12-2010-ലെ യോഗത്തിൽ കൊച്ചി നഗരസഭാ സെക്രട്ടറിയോട് സമിതി ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കാമെന്ന് ഉറപ്പ് ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ, സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി നൽകുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് 6-5-2011-ലെ റിപ്പോർട്ട് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് സമിതിക്ക് സർക്കാരിൽ നിന്നോ നഗരസഭയിൽ നിന്നോ യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ ലഭ്യമാക്കാത്തതും സമിതിയുടെ നിർദ്ദേശത്തിന്മേൽ മേൽനടപടി സ്വീകരിക്കാത്തതും സമിതിയോടുള്ള അവഹേളനമായി കണക്കാക്കുകയും ആയതിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു.

2.2.2 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ, അധികമായി നല്കിയ തുകയായ 34,900 രൂപ പലിശസഹിതം കൺവീനറിൽ നിന്നും ആർ.ആർ. നടപടിയിലൂടെ ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ക്വാർട്ടേഴ്സ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയത് പൂർത്തീകരിച്ച് ഉപയുക്തമാക്കുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.3 ക്വാർട്ടേഴ്സുകളുടെ ഭൗതിക പരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും ടി കെട്ടിടത്തിന്റെ ഇപ്പോൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ ആന്റ് ടെക്നോളജിയുടെ ലേഡീസ് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നതുമാണ്. മെഡിക്കൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരായ ശ്രീ. എം. എസ്. ശോഭിതൻ, ശ്രീ. വി. എസ്. ലാലൻ എന്നിവർ കൈപ്പറ്റിയ മൊബിലൈസേഷൻ അഡ്വാൻസ് 34,900 രൂപ തിരിച്ചടക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ബഹു. ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ആർ.ആർ. അപേക്ഷകൾ ഓൺലൈൻ വഴിയായിരിക്കണമെന്ന് അറിയിച്ചത് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

2.2.4 ക്വാർട്ടേഴ്സുകളുടെ ഭൗതിക പരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും ടി കെട്ടിടത്തിൽ ഇപ്പോൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ ആന്റ് ടെക്നോളജിയുടെ ലേഡീസ് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നതുമാണ്. മെഡിക്കൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരായ ശ്രീ. എം. എസ്. ശോഭിതൻ, ശ്രീ. വി. എസ്. ലാലൻ എന്നിവർ കൈപ്പറ്റിയ

മൊബിലൈസേഷന് അഡ്വാൻസ് 34,900 രൂപ തിരിച്ചടക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ബഹു. ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. 25-5-2010-ന് ബഹു. ജില്ലാ കളക്ടറുടെ കളക്ട്രേറ്റ്-ബി 11 ഫയൽ നമ്പർ 2010/25715/K.Dia പ്രകാരം റവന്യൂ റിക്കവറി നടത്തുന്നതിന് കൊച്ചി തഹസിൽദാർ (RR) ചുമതലപ്പെടുത്തി. RR അപേക്ഷകൾ ഓൺലൈൻ വഴിയായിരിക്കണമെന്ന് അറിയിച്ചു പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്</u>

2.2.5 ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണം പൂർത്തിയാക്കി, പ്രസ്തുത കെട്ടിടത്തിൽ നിലവിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ ആൻഡ് ടെക്നോളജിയുടെ വനിതാഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും നേരിട്ടുള്ള സ്ഥലപരിശോധനയിൽ ബോധ്യമായിട്ടുണ്ട്. കരാറുകാരായ ശ്രീ. എം. എസ്. ശോഭിതൻ, ശ്രീ. വി. എസ്. ലാലൻ എന്നിവർ കൈപ്പറ്റിയ മൊബിലൈസേഷൻ അഡ്വാൻസ് 34,900 രൂപ തിരിച്ചീടാക്കുന്നതിനുള്ള ആർ.ആർ. നടപടിയുടെ പുരോഗതി അറിയിക്കാനാവശ്യപ്പെട്ടുകൊണ്ട് കത്തുകൾ നൽകിയെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

**തുടർശിപാർശ**

**2.2.6 കരാറുകാർക്കെതിരായുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 142, 143</u>

<u>ശിപാർശ</u>

2.3.1 നഗരസഭ വാടകയ്ക്ക് നല്കിയ കെട്ടിടത്തിന്റെ വരാന്ത അനധികൃതമായി കെട്ടിയടച്ച കക്ഷിയുടെ നടപടി കരാർ വ്യവസ്ഥയുടെ ലംഘനമാണ്. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി വരാന്തഭാഗം അനധികൃതമായി കെട്ടിയടയ്ക്കുവാനുള്ള നീക്കം പ്രാരംഭത്തിൽത്തന്നെ തടയേണ്ടത് നഗരസഭാ അധികൃതരുടെ ഉത്തരവാദിത്വമായിരുന്നു എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായിരിക്കുന്നതെന്ന് ഓഡിറ്റ് കണക്കാക്കിയിട്ടുള്ള പ്രതീക്ഷിത വാടക തുക നോക്കുമ്പോൾ ബോധ്യപ്പെടുന്നതാണ്.

2.3.2 കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി, വാടക നല്കുന്ന കാര്യത്തിൽ കക്ഷി വീഴ്ച വരുത്തിയിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. അനധികൃതമായി കെട്ടിയടച്ച് കൈവശംവച്ച സ്ഥലത്തിന്റെ വാടകയിനത്തിൽ ഓഡിറ്റ് കണക്കാക്കിയ 4,41,537 രൂപയും വാടകക്കുടിശ്ശികയിനത്തിലെ 3,78,720 രൂപയും ചേർന്ന് ആകെ 8,20,257 രൂപ

നഗരസഭയ്ക്ക് കക്ഷിയിൽനിന്നും ലഭിക്കുവാനുണ്ട് എന്ന് സമിതിക്ക് ബോധ്യമാകുന്നു. പ്രസ്തുത തുക ഈടാക്കുവാൻ റവന്യൂ നടപടി സ്വീകരിച്ചിട്ടുള്ളതായി തെളിവെടുപ്പുവേളയിൽ നഗരസഭാ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ 7-12-2010-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ മേൽപറഞ്ഞ 8,20,257 രൂപ പലിശസഹിതം റവന്യൂ റിക്കവറി നടപടി മുഖേന ഈടാക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് അടിയന്തരമായി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.3 വൈറ്റില ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി ഉപയോഗിച്ചിരുന്ന ശ്രീമതി ഓമന രാജുവിൽനിന്നും ടിയാരി അനധികൃതമായി കെട്ടിയടച്ച് ഉപയോഗിച്ച ഭാഗത്തിന്റെ വാടകയിനത്തിൽ ഓഡിറ്റ് കണക്കാക്കിയിട്ടുള്ള 4,41,537 രൂപയും വാടക കുടിശ്ശികയായ 3,78,720 രൂപയും ചേർത്ത് ആകെ 8,20,257 രൂപ ഈടാക്കുന്നതിനാണ് ബഹു. ജില്ലാ കളക്ടർക്കുള്ള 16-8-2007, 4-11-2009 തീയതികളിലെ MOR3(A)13695/94(3) നമ്പർ കത്തുകളിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും കണയന്നൂർ താലൂക്ക് തഹസിൽദാരിൽനിന്നും മറുപടി ലഭിക്കാത്തതിനെ തുടർന്ന് വിവരം ബഹു. കളക്ടറുടെ നേരിട്ടുള്ള ശ്രദ്ധയിൽപ്പെടുത്തി 22-2-2014-ൽ കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തിനെ തുടർന്ന് യാതൊരു വിവരവും ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കാത്തതിനാൽ ടി വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അർദ്ധ ഔദ്യോഗിക കത്ത് നൽകിയിട്ടുണ്ട്. നഗരസഭാ റവന്യൂഇൻസ്പെക്ടർ മുഖേന സ്വന്തമായി നടത്തിയ അന്വേഷണത്തിൽ കുടിശ്ശിക കക്ഷിയുടെ പേരിൽ HIGA-21 എന്ന ഫ്ലാറ്റിലെ 38/2031(63/2049) നമ്പർ കെട്ടിടം ഉണ്ടെന്ന് കണ്ടെത്തിയ വിവരം തുടർനടപടിക്കായി ബഹു. ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതാണ്.

2.3.4 ശ്രീമതി ഓമന രാജുവിൽ നിന്നും ടിയാരി അനധികൃതമായി കൈയേറിയ കെട്ടിടഭാഗത്തിന്റെ വാടകയും വാടക കുടിശ്ശികയും ചേർത്തുള്ള 8,21,257 രൂപ റവന്യൂ റിക്കവറി വഴി ഈടാക്കി നൽകുന്നതിന് 16-8-2007, 4-11-2009 എന്നീ തീയതികളിലും MOR3(A)13695/94(3) നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു. നഗരസഭ റവന്യൂ ഇൻസ്പെക്ടർ മുഖേന സ്വന്തമായി നടത്തിയ അന്വേഷണത്തിൽ ശ്രീമതി ഓമന രാജുവിന്റെ ഉടമസ്ഥതയിൽ കൊച്ചിയിൽ കടവന്ത്ര-ഗാന്ധിനഗറിലുള്ള HIGA-21 എന്ന ഫ്ലാറ്റിലെ 38/2031(63/2049) നമ്പർ ഫ്ളാറ്റ് ഉണ്ടെന്ന വിവരവും നഗരസഭയുടെ അസസ്മെന്റ് രജിസ്റ്റർ പ്രകാരവും ടി ഫ്ളാറ്റ് ടിയാളുടെ പേരിലാണെന്നും ടി കെട്ടിടം വാടകയ്ക്ക്

നൽകിയിരിക്കുകയാണെന്ന വിവരം കണ്ടെത്തിയിട്ടുള്ളതും ടി വിവരം തുടർനടപടികൾക്കായി ബഹു. കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ശ്രീമതി ഓമന രാജുവിന്റെ വസ്തുവകകൾ ജപ്തി ചെയ്ത് തുക ഈടാക്കുന്നതിന് കണയന്നൂർ സ്പെഷ്യൽ തഹസിൽദാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനെതിരെ ടിയാൾ ബഹു. ഹൈക്കോടതിയിൽ WP(C) No.22984/2014(W) ആയി കേസ് ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി ടി കേസിൽ ഇടക്കാല സ്റ്റേ നൽകുകയും ചെയ്തിട്ടുണ്ട്. സ്റ്റേ വെക്കേറ്റ് ചെയ്യുവാൻ അഡ്വക്കേറ്റ് ശ്രീ. പ്രവീൺ കെ. ജോയിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.3.5 ടി വിഷയത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് നിലനിൽക്കുന്നതായും അത് നീക്കംചെയ്യുന്നതിനായി നടപടികൾ കൈക്കൊണ്ടു വരുന്നതായും 8-12-2017-ലെ MOR3(A)13695/94(3) നമ്പർ കത്ത് പ്രകാരം റവന്യൂ ഓഫീസർ അറിയിച്ചിട്ടുണ്ട്.

**തുടർശിപാർശ**

**2.3.6 കോടതിയുടെ അന്തിമ വിധിക്കനുസൃതമായി തുടർനടപടി സ്വീകരിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## അദ്ധ്യായം III

**സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും**

ഖണ്ഡിക നമ്പർ 4, 6

ശിപാർശ

3.1.1 ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ് 5-4-1999-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് നല്കാവുന്ന പരമാവധി സബ്സിഡി 2,000 രൂപയാണ്. പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമായി കൊച്ചി നഗരസഭ 1998-99, 1999-2000 വർഷങ്ങളിലെ പദ്ധതിപ്രകാരം കക്കൂസ് നിർമ്മിച്ച ഓരോ കുടുംബത്തിനും 4,500 രൂപ സബ്സിഡി അനുവദിച്ചതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിക്ക് 1999-2000-ൽ 10 ലക്ഷം രൂപ വകയിരുത്തിയതിൽ 118 കുടുംബങ്ങൾക്കായി 5,31,000 രൂപയും 1998-1999-ൽ പുതുക്കിയ പദ്ധതിക്ക് 191 കുടുംബങ്ങൾക്കായി 8,59,500 രൂപ വകയിരുത്തിയതിൽ

189 കുടുംബങ്ങൾക്കായി 8,50,500 രൂപയും ചെലവഴിച്ചിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. സർക്കാർ ഉത്തരവിൽ, കക്കൂസ് നിർമ്മാണത്തിന് മാത്രമാണ് സബ്സിഡി തുക പരമാവധി 2,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നതെന്നും ഈ പദ്ധതിയിൻകീഴിൽ കക്കൂസിനോടൊപ്പം കുളിമുറിയുടെ നിർമ്മാണംകൂടി ഉൾപ്പെടുത്തിയിരുന്നുവെന്നും കുളിമുറിയുടെ നിർമ്മാണം അനുവദനീയമല്ല എന്ന് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നില്ല എന്നും കോർപ്പറേഷൻ പറയുന്നു. കൂടാതെ, വളരെ പരിമിതമായ സാഹചര്യത്തിൽ ജീവിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കായി വിഭാവനം ചെയ്ത ഈ പദ്ധതിപ്രകാരം മുഴുവൻ വാർഡുകളിൽ നിന്നും വാർഡ് കമ്മിറ്റി മുൻഗണനാക്രമത്തിൽ അംഗീകരിച്ച ലിസ്റ്റ് നഗരസഭയും അംഗീകരിച്ചതിനുശേഷമാണ് ആനുകൂല്യം നൽകിയതെന്നും പദ്ധതിക്ക് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി, നഗരസഭാ കൗൺസിൽ, കോർപ്പറേഷൻ ലെവൽ എക്സ്പെർട്ട് കമ്മിറ്റി, ജില്ലാ ആസൂത്രണ സമിതി എന്നിവയുടെ അംഗീകാരവുമുണ്ടെന്നും കോർപ്പറേഷൻ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ, വളരെയധികം ദാരിദ്ര്യത്തിലും പരിമിതമായ സാഹചര്യത്തിലും ജീവിക്കുന്ന പട്ടികജാതി ജനവിഭാഗങ്ങളുടെ ആരോഗ്യസുരക്ഷയ്ക്കുവേണ്ടി വിഭാവനം ചെയ്ത് നടപ്പിലാക്കിയ പദ്ധതി എന്ന നിലയ്ക്കും പദ്ധതിക്കായി മാറ്റിവച്ച തുകയ്ക്കുള്ളിൽത്തന്നെ നടപ്പിലാക്കിയെന്നത് പരിഗണിച്ചും ഭാവിയിൽ ഇത്തരം ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാരിന്റെ സാധൂകരണംകൂടി തേടി ഓഡിറ്റ് തടസ്സങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കണമെന്ന അഭിപ്രായത്തോടെ മേൽ പരാമർശിക്കുന്ന രണ്ട് ഓഡിറ്റ് ഖണ്ഡികകളിലേയും ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

3.1.2 കൊച്ചി കോർപ്പറേഷൻ സ്പിൽഓവർ പദ്ധതിയായി നടപ്പിലാക്കിയ പുകയില്ലാത്ത അടുപ്പിന്റെയും ചൂടാറാപ്പെട്ടിയുടെയും വിതരണം പരമാവധി ഊർജം സംരക്ഷിക്കാൻ കഴിയുന്ന ഉല്പാദനക്ഷമമായ പദ്ധതി എന്ന നിലയ്ക്കാണ്. ചൂടാറാപ്പെട്ടിക്ക് 175 രൂപ വിലയുള്ളതിനാൽ 75 രൂപ ഗുണഭോക്തൃ വിഹിതം സ്വീകരിച്ച് ആക്ഷേപരഹിതമായും സർക്കാർ അംഗീകൃത ഏജൻസിയായ ശാസ്ത്ര സാഹിത്യ പരിഷത്ത് മുഖേനയുമാണ് നടപ്പിലാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ പ്രകാരം ചൂടാറാപ്പെട്ടി വിതരണം ചെയ്യുന്നത് തടസ്സപ്പെടുത്തുന്നില്ലായെന്നും പ്രസ്തുത പന്ത്രണ്ട് ഇനങ്ങൾ മാത്രമേ നൽകരുതെന്ന് പറഞ്ഞിട്ടുള്ളൂവെന്നും മറ്റുള്ളവ നൽകുന്നതിന് ജില്ലാ ആസൂത്രണ സമിതിക്ക് വിവേചനാധികാരമുണ്ടെന്നും ആയതുപ്രകാരം ജില്ലാ ആസൂത്രണ സമിതി ഈ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും കോർപ്പറേഷൻ വിശദീകരിക്കുന്നു. സർക്കാരിന്റെ മറുപടിയുടെയും കോർപ്പറേഷന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.1.3 സമിതിയുടെ നിർദ്ദേശാനുസരണം കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ.എസ്.എ.കെ.സി.സി. (എസ്.8)/689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 17, 18, 19

ശിപാർശ

3.2.1 കോർപ്പറേഷൻ എസ്.സി.പി. പ്രോജക്ട് പ്രകാരം പട്ടികജാതി വിഭാഗങ്ങളുടെ വീട് വൈദ്യുതീകരണത്തിന് 100 പേർക്ക് 800 രൂപവീതം ധനസഹായം നൽകുന്നതിന് സംസ്ഥാനാവിഷ്കൃത ഫണ്ടിൽനിന്നും 80,000 രൂപ നീക്കിവെച്ചെങ്കിലും കേവലം 13 പേർക്കായി 10,400 രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ ബാഹുല്യംമൂലം പദ്ധതിത്തുക ഉയർത്തിയെന്ന് വാദിക്കുന്ന കോർപ്പറേഷന് ആദ്യം വിഭാവനം ചെയ്ത ലക്ഷ്യത്തിന്റെ അരികിലെത്താൻ പോലുമായില്ല. പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയതായി പറയപ്പെടുന്ന 13 ഗുണഭോക്താക്കൾക്ക് സാമ്പത്തികസഹായം നൽകുന്നതിനുള്ള തുകയായ 10,400 രൂപ 31-3-2000-ൽ ട്രഷറിയിൽനിന്നും പിൻവലിച്ചതായി കാണുന്നുണ്ടെങ്കിലും 8-5-2000-ൽ മാത്രമാണ് ഗുണഭോക്താക്കൾക്ക് ചെക്ക് നൽകുന്നത്. വിവിധ പദ്ധതികൾക്കായി നിരവധി ചെക്കുകൾ ഉള്ളതിനാൽ ബാങ്കിൽനിന്നും ഒന്നോ രണ്ടോ മാസങ്ങൾ കഴിഞ്ഞേ പണം ലഭ്യമാകുകയുള്ളൂവെന്ന കോർപ്പറേഷന്റെ മറുപടി സ്വീകാര്യമല്ല.

3.2.2 ഗുണഭോക്താക്കൾക്ക് പണം നേരിട്ട് നൽകിയ കോർപ്പറേഷന്റെ പക്കൽ ഗുണഭോക്തൃ ലിസ്റ്റും ചെക്കുനമ്പരും ഗുണഭോക്താക്കൾ പണം കൈപ്പറ്റിയെന്നതിന്റെ രസീത് ബുക്കുമല്ലാതെ ബന്ധപ്പെട്ട ഫയലോ, വൈദ്യുതി കണക്ഷന് സി.ഡി. അടച്ചതിന്റെ പകർപ്പോ ഇല്ല. പദ്ധതി വിഹിതത്തിൽനിന്നും പണം ചെലവഴിക്കുമ്പോൾ ആയതിന് വ്യക്തമായ രേഖകൾ ഉണ്ടാകണമെന്ന് സമിതി നിഷ്കർഷിക്കുന്നു. വ്യക്തമായ രേഖകൾ ഇല്ലാതെ പണം ചെലവഴിക്കുന്നപക്ഷം ആയത് ചെലവഴിക്കുന്ന വ്യക്തിയുടെ പേരിൽ ബാധ്യതയായി ചുമത്തേണ്ടതാണ്. ട്രഷറിയിൽനിന്ന് പണം പിൻവലിച്ച് കൈയിൽ സൂക്ഷിച്ച് മാസങ്ങൾക്കുശേഷം മാത്രം ചെലവാക്കുന്നത് ഭാഗികമായ പണാപഹരണമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.2.3 പദ്ധതിപ്രകാരം 13 ഗുണഭോക്താക്കൾക്ക് ധനസഹായത്തിനായി ചെലവഴിച്ച 10,400 രൂപ വിതരണം ചെയ്തതിന് വൈദ്യുതി ബോർഡിൽ സി.ഡി. അടച്ചതിന്റെ രേഖകൾ, ആനുകൂല്യം നൽകുന്നതിനുള്ള തുക പിൻവലിച്ച് അനധികൃതമായി കൈവശം സൂക്ഷിച്ച സെക്രട്ടറിയുടെ പേരുവിവരം, തുക വിതരണം ചെയ്യാനുണ്ടായ കാലതാമസത്തിനുള്ള

കാരണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണമെന്ന് 15-12-2009 -ലെ സമിതിയോഗം ആവശ്യപ്പെടുകയും അത് സംബന്ധിച്ച് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർ സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുവാൻ നിയമസഭാ സെക്രട്ടേറിയറ്റ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും നാളിതുവരെ അവ ലഭ്യമാക്കിയിട്ടില്ല. ഇത് സർക്കാരിന്റെയും കോർപ്പറേഷന്റെയും ഭാഗത്തുനിന്നുള്ള അക്ഷന്തവ്യമായ വീഴ്ചയായും സമിതിയോടുള്ള അനാദരവായും സമിതി വിലയിരുത്തുന്നു. ഈ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം പദ്ധതിപ്പണം യഥാർത്ഥ ലക്ഷ്യത്തിനായി വിനിയോഗിക്കപ്പെട്ടിട്ടില്ല എന്ന നിഗമനത്തിൽ ഈയിനത്തിൽ ചെലവാക്കിയ 10,400 രൂപ പലിശസഹിതം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2.4 സാധാരണ പദ്ധതികൾ അംഗീകരിച്ച് മാർച്ച് മാസങ്ങളിലാണ് ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് വരുന്നത്. തുകമാറിയതിനുശേഷമാണ് ഗുണഭോക്താക്കളെ വിവരമറിയിച്ച് തുക നൽകുന്നത്. ഗുണഭോക്താക്കൾക്ക് മതിയായ യഥാർത്ഥ രേഖകൾ ഹാജരാക്കുന്നതിനുള്ള സമയവും ആയത് പരിശോധിക്കുന്നതിനുള്ള കാലതാമസവും നേരിട്ടതിനാലാണ് 31-3-2000-ൽ എഴുതിയ ചെക്ക് 2000 മേയ് മാസത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയത്. ആയത് മനഃപൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകുവാൻ താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു.

3.2.5 സാധാരണ പദ്ധതികൾ അംഗീകരിച്ച് മാർച്ച് മാസങ്ങളിലാണ് ട്രഷറിയിൽനിന്നും തുക പിൻവലിച്ച് വരുന്നത്. തുകമാറിയതിനുശേഷമാണ് ഗുണഭോക്താക്കളെ വിവരമറിയിച്ച് തുക നൽകുന്നത്. ഗുണഭോക്താക്കൾക്ക് മതിയായ യഥാർത്ഥ രേഖകൾ ഹാജരാക്കുന്നതിനുള്ള സമയവും ആയത് പരിശോധിക്കുന്നതിനുള്ള കാലതാമസവും നേരിട്ടതിനാലാണ് 31-3-2000-ൽ എഴുതിയ ചെക്ക് 2000 മേയ് മാസത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയത്. 1999-2000 കാലയളവിൽ വീട് വയറിംഗ് നിർവ്വഹണവുമായി ബന്ധപ്പെട്ട് നഗരസഭാ പരിധിയിലെ ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സി.ഡി. അടച്ച രസീത് നഗരസഭയിൽ ലഭ്യമല്ലാത്തതിനാൽ ആയവ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്.

3.2.6 വയറിംഗ് നിർവ്വഹണവുമായി ബന്ധപ്പെട്ട് നഗരസഭാ പരിധിയിലെ ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സി.ഡി. അടച്ച രസീത് നഗരസഭയിൽ ലഭ്യമല്ലാത്തതിനാൽ ആയവ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തുക നൽകിയത് സെക്രട്ടറി ശ്രീ. കെ. ആർ. ഗോപാലകൃഷ്ണൻ ആയിരുന്നു എന്ന വിവരം

അറിയിയ്ക്കുന്നു. (Rtd.Corporation Secretary - Raveendran Road, Kadavanthra P.O., Ernakulam - Corporation Engineer in- charge of Corporation Secretary) ഇതുമായി ബന്ധപ്പെട്ട സി.ഡി. അടച്ച രസീത് നഗരസഭയിൽ ലഭ്യമല്ലാതിരുന്നതിനാൽ ബന്ധപ്പെട്ട കെ.എസ്.ഇ.ബി-യിൽ കത്ത് നൽകിയിരുന്നുവെങ്കിലും 14 വർഷം മുൻപുള്ള കാര്യമായതിനാൽ നിലവിലെ മേൽവിലാസ പ്രകാരം അന്വേഷിക്കുവാൻ ബുദ്ധിമുട്ടാണെന്ന് അറിയിച്ചിരുന്നു. എന്നാൽ അതുപ്രകാരം കെ.എസ്.ഇ.ബി. -യിൽ നേരിൽ നിലവിലെ രേഖകളുമായി ഹാജരായിരുന്നു. അതനുസരിച്ച് രേഖകൾ ഈ ഓഫീസിലെയും അവിടുത്തെയും ഉദ്യോഗസ്ഥർ വിശദമായി പരിശോധിച്ചിരുന്നു. എന്നാൽ കൺസ്യൂമർ നമ്പർ കണ്ടെത്തുവാൻ സാധിച്ചില്ല. കാലപ്പഴക്കം ചെന്ന രേഖകളായതിനാലും അക്കാലത്തെ ഗുണഭോക്താക്കൾ ഒരു പക്ഷെ വീട് കൈമാറ്റം ചെയ്യുവാൻ ഇടയായിട്ടുണ്ടാവുമെന്നും ആയത് രേഖകളിൽ ലഭ്യമാകില്ല എന്നും കെ.എസ്.ഇ.ബി. അധികൃതർ അറിയിച്ചു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളായതിനാൽ പദ്ധതിനിർവ്വഹണം തീർച്ചയായും നടത്തിയിട്ടുണ്ടാവും എന്നും അവർ അറിയിച്ചു. ആയത് മനഃപൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകുവാൻ താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.2.7 ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കുന്നതിനും, ലഭ്യമാക്കിയ രേഖകൾ പരിശോധിക്കുന്നതിനും കാലതാമസം നേരിട്ടതിനാലാണ് 31-3-2000-ൽ എഴുതിയ ചെക്ക് 2000 മേയ് മാസത്തിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ടിവന്നത് എന്നാണ് നഗരസഭാധികൃതർ വിശദീകരിച്ചിരിക്കുന്നത്. വീട് വൈദ്യുതീകരണവുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി.-യിൽ സി.ഡി. അടച്ചതുൾപ്പെടെയുള്ള 1999-2000 വർഷത്തെ രേഖകളുടെ അഭാവത്തിൽ സി.ഡി. തുകയുടെ അടവുവിവരം പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

<u>ഖണ്ഡിക നമ്പർ 32,33,34</u>

<u>ശിപാർശ</u>

3.3.1 ജനകീയാസൂത്രണ പദ്ധതിപ്രകാരം 1998-99-ലും സ്പിൽഓവറായി 1999-2000 -ലുമായി കൊച്ചി കോർപ്പറേഷൻ നടപ്പിലാക്കിയ ദുർബ്ബല വിഭാഗങ്ങളുടെ വീട് റിപ്പയർ പ്രോജക്ടിൽ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളെ നിശ്ചയിക്കുവാൻ വ്യക്തമായ മാനദണ്ഡവും, നടപടിക്രമവും സർക്കാർ പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഇതിനായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ

ഉൾപ്പെട്ടിട്ടില്ലാത്തവർക്കും ആനുകൂല്യം നൽകിയിരിക്കുന്നു. പദ്ധതിയുടെ അടങ്കൽത്തുക ആദ്യം 25 ലക്ഷം രൂപയായി നിശ്ചയിച്ചിരുന്നത് പിന്നീട് തുക 38.75 ലക്ഷം രൂപയായും ഗുണഭോക്താക്കളുടെ എണ്ണം 775 ആയും നഗരസഭ ഉയർത്തിയിട്ടുള്ളതായി സർക്കാർ മറുപടിയിൽനിന്ന് വ്യക്തമാകുന്നു. പദ്ധതിപ്രകാരം ആനുകൂല്യത്തിനായി 120000 അപേക്ഷകൾ ലഭിച്ചിരുന്നുവെന്ന് തെളിവെടുപ്പുയോഗത്തിൽ വ്യക്തമാക്കിയ നഗരസഭാ ഉദ്യോഗസ്ഥർ, ഇത്രയേറെ അപേക്ഷകൾ ഉണ്ടായിട്ടും ഗുണഭോക്താക്കൾ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് ആനുകൂല്യം നൽകുന്നതിനുള്ള നടപടിക്രമങ്ങളും സമർപ്പിക്കേണ്ട രേഖകളും ലഘൂകരിക്കുവാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതെന്നും പറയുന്നു. ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പാലിച്ചിരിക്കേണ്ടതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായും അവ ലംഘിച്ചും തീരുമാനമെടുക്കുവാൻ നഗരസഭാ കൗൺസിലിന് അധികാരമില്ല എന്ന് സമിതി ശക്തമായി അഭിപ്രായപ്പെടുന്നു. ഇത്തരം സന്ദർഭത്തിൽ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ട്. വ്യവസ്ഥകൾക്ക് വിരുദ്ധമായ തീരുമാനത്തോട് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതാണ് നഗരസഭാ ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വെളിപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, നഗരസഭാ കൗൺസിലിൽ നഗരസഭാ സെക്രട്ടറിക്ക് ഒരു ഉപദേശകന്റെ റോൾ മാത്രമേയുള്ളുവെന്ന നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ നിലപാടിനോട് സമിതി വിയോജിക്കുന്നു. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി കൗൺസിൽ തീരുമാനം എടുക്കുമ്പോൾ സെക്രട്ടറി അഭിപ്രായം പറയേണ്ടതും കൗൺസിൽ മുൻതീരുമാനത്തിൽ ഉറച്ച് നിൽക്കുന്നപക്ഷം അതിനോടുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. നിയമാനുസൃതമല്ലാത്ത തീരുമാനം കൗൺസിൽ എടുക്കുന്നപക്ഷം കൗൺസിൽ അംഗങ്ങൾ ഉത്തരവാദികളായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.3.2 കൊച്ചി നഗരസഭാ കൗൺസിൽ, പരാമർശിത ഓഡിറ്റ് ഖണ്ഡികയിലെ വിഷയത്തിന്മേൽ, ജനകീയാസൂത്രണത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചു മാത്രമേ തീരുമാനമെടുക്കാൻ അധികാരമുള്ളൂ എന്നിരിക്കെ, സർക്കാർ നിബന്ധനകൾ ലഘൂകരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്കും ആനുകൂല്യം നൽകിയിരിക്കുന്നു. നഗരസഭാ കൗൺസിലിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

3.3.3 ഒറിജിനൽ പ്രോജക്ട് റിപ്പോർട്ടും ഫയലുകളും ഓഡിറ്റിനും നഗരകാര്യ ഡയറക്ടർക്കും പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ഗുണഭോക്തൃ ലിസ്റ്റിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താനുള്ള കാരണവും ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സർക്കാർ നിബന്ധനകൾ ലഘൂകരിച്ച് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റും ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന്

സമിതിയുടെ 15-12-2009-ലെ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത വിഷയത്തിന്മേൽ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെയും നഗരസഭയുടെയും ഭാഗത്തുനിന്നുമുള്ള ഈ സമീപനം സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുകയും ആവശ്യപ്പെട്ട വിവരങ്ങൾ രണ്ടുമാസത്തിനകം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.3.4 ജനകീയാസൂത്രണം തുടങ്ങിയ ആദ്യ വർഷങ്ങളിൽ നിയതമായ രീതികളും, ചട്ടങ്ങളും പാലിച്ചുകൊണ്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ കൊച്ചിപോലുള്ള നഗരസഭയ്ക്ക് സാധിയ്ക്കാതെ വന്നിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതിപണം എത്രയുംപെട്ടെന്ന് നൽകി ദരിദ്രരായ അവരുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് കൗൺസിൽ തീരുമാനിച്ചിട്ടുള്ളത്. 23-3-1999-ലെ 77-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഭവനനിർമ്മാണ പ്രോജക്റ്റിൽ നിലവിലെ കുടുംബാംഗങ്ങളെ തെരഞ്ഞെടുത്തതിന് പുറമെ 2000-ാം ആണ്ടോടെ സമ്പൂർണ്ണ ഭവന നിർമ്മാണം എന്ന സംസ്ഥാന സർക്കാർ നയം കണക്കിലെടുത്ത് 1999 മാർച്ച് 31 വരെ ഭവനനിർമ്മാണ ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്ന ദുർബല വിഭാഗത്തിൽപ്പെടുന്ന ലിസ്റ്റിൽ ഉള്ളവരും അല്ലാത്തവരുമായ എല്ലാ കുടുബാംഗങ്ങളെയും പ്രത്യേക പരിഗണന നൽകി കൗൺസിലറുടെ ശിപാർശയോടെ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. പരമാവധി ആക്ഷേപരഹിതമായാണ് പദ്ധതി പ്രവൃത്തികൾ നടത്തിവന്നിരിക്കുന്നത്.

ആകയാൽ സംഭവിച്ച തെറ്റുകുറ്റങ്ങൾ മാപ്പാക്കി ഓഡിറ്റ് തടസ്സവാദങ്ങൾ ഒഴിവാക്കി നൽകണമെന്ന് താഴ്മയോടെ അപേക്ഷിച്ചുകൊള്ളുന്നു.

3.3.5 ഏകദേശം 14 വർഷം മുൻപ് നിർവ്വഹണം നടത്തിയ ടി പദ്ധതി സംബന്ധമായ ഫയലുകളോ, അനുബന്ധരേഖകളോ അന്വേഷിച്ചതിൽ നാളിതുവരെ ലഭ്യമായതായി കാണുന്നില്ല. നഗരസഭയിൽ പ്രസ്തുത ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള പദ്ധതികളുടേത് കാലപ്പഴക്കം ചെന്ന ഫയലുകളാണ്. ജനകീയാസൂത്രണ വിഭാഗം മുൻപ് പ്രവർത്തിച്ചിരുന്ന മുറികളിൽ നിന്ന് രണ്ട് മൂന്ന് പ്രാവശ്യം ഓഫീസ് മാറേണ്ടി വന്നിട്ടുണ്ട്. ആയതുമൂലം ഫയൽ നഷ്ടപ്പെടുവാൻ സാഹചര്യമുണ്ടായിട്ടുണ്ട്. 1998-99 കാലഘട്ടങ്ങളിൽ സന്നദ്ധ പ്രവർത്തകർ മുഖേനയാണ് പദ്ധതികൾ പ്രാവർത്തികമാക്കി വന്നിരുന്നത്. മേൽ കാരണങ്ങളാൽ ആയിരിക്കാം സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചുകൊണ്ട് പദ്ധതികൾ സാധ്യമാകാതെ വന്ന സാഹചര്യമുണ്ടായത്. ജനകീയാസൂത്രണം തുടങ്ങിയ ആദ്യ വർഷങ്ങളിൽ നിയതമായ രീതികളും, ചട്ടങ്ങളും പാലിച്ചുകൊണ്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ കൊച്ചിപോലുള്ള നഗരസഭയ്ക്ക് സാധിയ്ക്കാതെ വന്നിട്ടുണ്ട്.

പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതി പണം എത്രയുംപെട്ടെന്ന് നൽകി ദരിദ്രരായ അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് കൗൺസിൽ തീരുമാനിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കുന്നു. പരമാവധി ആക്ഷേപരഹിതമായാണ് പദ്ധതി പ്രവൃത്തികൾ നടത്തി വന്നിരിക്കുന്നത്. ആയതിൽ ചില തെറ്റുകുറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ആകയാൽ ആയത് മാപ്പാക്കി പ്രസ്തുത ഓഡിറ്റ് തടസ്സവാദങ്ങൾ ഒഴിവാക്കി നൽകണമെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

3.3.6 ഏകദേശം 14 വർഷം മുൻപ് നിർവ്വഹണം നടത്തിയ ടി പദ്ധതി സംബന്ധമായ ഫയലുകളോ, അനുബന്ധ രേഖകളോ അന്വേഷിച്ചതിൽ നാളിതുവരെ ലഭ്യമായതായി കാണുന്നില്ല. ആവശ്യപ്പെട്ടതനുസരിച്ച് ടി കാലയളവിലെ കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റ് അയച്ചുനൽകിയിട്ടുള്ളതാണ്. 1998-99 കാലഘട്ടങ്ങളിൽ സന്നദ്ധ പ്രവർത്തകർ മുഖേനയാണ് പദ്ധതികൾ പ്രാവർത്തികമാക്കി വന്നിരുന്നത്. മേൽ കാരണങ്ങളായിരിക്കാം സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചുകൊണ്ട് പദ്ധതികൾ സാധ്യമാകാതെ വന്ന സാഹചര്യമുണ്ടായത്. ജനകീയാസൂത്രണം തുടങ്ങിയ ആദ്യ വർഷങ്ങളിൽ നിയതമായ രീതികളും, ചട്ടങ്ങളും പാലിച്ചുകൊണ്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ കൊച്ചിപോലുള്ള നഗരസഭയ്ക്ക് സാധിയ്ക്കാതെ വന്നിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതിപണം എത്രയും പെട്ടെന്ന് നൽകി ദരിദ്രരായ അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് കൗൺസിൽ തീരുമാനിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കുന്നു. പരമാവധി ആക്ഷേപരഹിതമായാണ് പദ്ധതി പ്രവൃത്തികൾ നടത്തി വന്നിരിക്കുന്നത്. ആയതിൽ ചില തെറ്റുകുറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ആകയാൽ ആയത് മാപ്പാക്കി പ്രസ്തുത ഓഡിറ്റ് തടസ്സവാദങ്ങൾ ഒഴിവാക്കി നൽകണമെന്ന് വിനീതമായി അപേക്ഷിച്ചു കൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.3.7 23-3-99-ൽ ജനറൽ കൗൺസിൽ ആകെ 25 തീരുമാനങ്ങൾ എടുത്തതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ (മിനിട്ട്സ് ബുക്ക് പേജ് നം.111 മുതൽ 120 വരെ) ഈ വിഷയത്തിൽ കൗൺസിൽ തീരുമാനം എടുത്തതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. സർക്കാർ നിബന്ധനകൾ ലഘൂകരിച്ച് ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്കും ആനുകൂല്യം നൽകുന്ന നടപടി ഉചിതമല്ല. പരാമർശിത പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 12-7-2013, 31-2-15 തീയതികളിൽ എൽ.എഫ്.സി. എൻ(എസ്.3) 325/13 4-9-2015-ൽ കെ.എസ്.എ-കെ.സി.സി(എസ്.3) 596/15, 30-11-2016-ൽ കെ.എസ്.എ -കെ.സി.സി (എസ്.8) 933/16 എന്നീ നമ്പർ കത്തുകൾ നൽകിയെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല.

<u>സമിതി തീരുമാനം</u>

3.3.8 സെലക്ഷൻ പ്രോസസ്സിൽ വന്നിട്ടുള്ള അപാകത വളരെ ഗൗരവമായാണ് കാണുന്നതെങ്കിലും അത് പരിഹരിക്കാൻ മറ്റ് മാർഗ്ഗമില്ലാത്തതിനാലും ഗുണഭോക്താക്കൾക്ക് 5000 രൂപ വച്ച് ലഭിച്ചതിനാലും പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>ഖണ്ഡിക നമ്പർ 42, 43, 44, 45</u>

<u>ശിപാർശ</u>

3.4.1 കൊച്ചി നഗരസഭാ പരിധിയിൽ സ്ഥിരതാമസമുള്ള വ്യക്തികൾക്ക് അപകടമരണം സംഭവിക്കുമ്പോഴാണ് ഗ്രൂപ്പ് ജനത അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാകുന്നത്. 1996-97 സാമ്പത്തിക വർഷം 7 ലക്ഷം രൂപ ആയിനത്തിൽ ചെലവഴിച്ചെങ്കിലും തുച്ഛമായ തുകമാത്രമാണ് നഷ്ടപരിഹാരമായി വിതരണം ചെയ്യപ്പെട്ടിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം ചെലവുകൾ നടത്തുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. പരാമർശവിധേയമായ സംഗതിയിൽ ചെലവാക്കിയ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണത്തിന് നഗരസഭ അപേക്ഷിച്ച സന്ദർഭത്തിൽ 1996-97 സാമ്പത്തിക വർഷത്തിൽ ചെലവായ 7,00,000 രൂപയ്ക്ക് മാത്രം സർക്കാർ മാപ്പ് അനുവാദം നൽകിയതായും ഇത്തരം ചെലവുകൾ ആവർത്തിക്കാൻ പാടില്ലായെന്ന് 17-10-2000-ലെ ജി.ഒ.(ആർ.ടി) നമ്പർ 4187/2000/ ത.സ്വ.ഭ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുള്ളതായും സമിതി നിരീക്ഷിക്കുന്നു. എന്നാൽ, 1996-97 സാമ്പത്തിക വർഷത്തിനുശേഷം 2003-04 വരെ 95,84,803 രൂപ നഗരസഭ ഈയിനത്തിൽ ചെലവഴിച്ചതായി കാണുന്നു.

3.4.2 സർക്കാർ അംഗീകരിച്ച ഇൻഷ്വറൻസ് പദ്ധതികൾക്ക് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം നൽകാവൂവെന്ന കർശന നിർദ്ദേശമുണ്ടായിട്ടും 2003-04 കാലയളവുവരെ പ്രയോജനപ്രദമല്ലാത്ത ഈ പദ്ധതിക്ക് വലിയൊരു തുക ചെലവിട്ട നഗരസഭയുടെ നടപടി സർക്കാരിനോടുള്ള വെല്ലുവിളിയായാണ് സമിതി കരുതുന്നത്. സർക്കാരിന്റെ 17-10-2000-ലെ ഉത്തരവിനുശേഷവും പണം ചെലവഴിച്ചതിന് യാതൊരു ന്യായീകരണവും സമിതിക്ക് കാണുവാനാകുന്നില്ല. സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടെ നഗ്നമായ ലംഘനം നടത്തിയ നഗരസഭയുടെ ഈ നടപടിയെ സമിതി ശക്തമായി അപലപിക്കുന്നു. കൂടാതെ, മേലിൽ ഇത്തരം ലംഘനങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

3.4.3 നഗരസഭയുടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുൾപ്പെടെയുള്ള എല്ലാ കമ്മിറ്റികളിലും നഗരസഭാ സെക്രട്ടറിയുടെ സാന്നിധ്യം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. സർക്കാർ പുറപ്പെടുവിക്കുന്നതും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ളതുമായ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും മേയറുടെയോ ബന്ധപ്പെട്ട ഭരണസമിതികളുടെയോ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ അവ ശ്രദ്ധയിൽകൊണ്ടുവരേണ്ടതും അതാത് സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ ചുമതലയാണ്. കൊച്ചി നഗരസഭയുടെ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാനുള്ള നടപടിക്രമങ്ങളുടെ ഏതെങ്കിലും ഘട്ടത്തിൽ, പദ്ധതി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് തദവസരത്തിൽ ചുമതലയുണ്ടായിരുന്ന സെക്രട്ടറിമാർ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നോവെന്നുള്ളത് സംശയാസ്പദമാണ്. ഇക്കാര്യം വകുപ്പുതലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകുവാൻ സമിതിയുടെ 15-12-2009-ലെ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതിയോഗം ആവശ്യപ്പെടുന്ന നടപടികൾ സ്വീകരിക്കുന്നതിനും സമിതിക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാരിനെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ചെത്തുന്ന ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. ആയത് പാലിക്കാത്ത നടപടിയെ സമിതി ഗൗരവമായി കാണുകയും അപലപിക്കുകയും ചെയ്യുന്നു. പ്രസ്തുത യോഗത്തിൽ സമിതി ആവശ്യപ്പെട്ടതിൻപ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള വിശദീകരണവും നല്കുവാൻ സമിതി ആവശ്യപ്പെടുന്നു.

3.4.4 കൂടാതെ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൗൺസിലർമാരുടെയും മേയറുടെയും ശ്രദ്ധയിൽപ്പെടുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.4.5 2000-ലെ സർക്കാർ ഉത്തരവിന് ശേഷം ചെലവഴിച്ചിട്ടുള്ള 35,70,531 രൂപ ബന്ധപ്പെട്ട കൗൺസിലർമാരിൽ നിന്നും സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്ന കമ്മിറ്റിയുടെ നിർദ്ദേശം 30-10-2013-ലെ കൗൺസിലിൽ സമർപ്പിച്ചതിൻ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൊച്ചി നഗരസഭ പരിധിയിൽ സ്ഥിരതാമസമുള്ള വ്യക്തികൾക്ക് ഗ്രൂപ്പ് ജനത അപകട ഇൻഷ്വറൻസ് പദ്ധതിക്കായി 1996-97 സാമ്പത്തിക വർഷത്തിൽ 7 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പിന്നീട് മേൽ പദ്ധതി 2003-04 വരെ തുടരുകയും 95,84,803 രൂപ നഗരസഭ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുമുണ്ട്. 17-10-2010-ലെ ജി. ഒ. (ആർ.റ്റി) നമ്പർ

4187/2000/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 1996-97 വർഷത്തിൽ ചെലവാക്കിയ 7 ലക്ഷം രൂപയ്ക്ക് മാത്രം സാധൂകരണം കിട്ടിയിട്ടുണ്ട്. 1996-97 മുതൽ 2003-04 വരെയുള്ള കാലത്തെ മേയർമാരുടെയും കൗൺസിലിന്റെയും അനുവാദത്തോടെയാണ് ചെലവുകൾ നടത്തിയിട്ടുള്ളത്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 2011-2014-ാമത് റിപ്പോർട്ടിൽ 186-ാം നമ്പർ ഖണ്ഡികയിൽ 18-8-2003-ൽ ചെലവഴിച്ച 35,70,531 രൂപ ബന്ധപ്പെട്ട കൗൺസിലർമാരിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ടി 35,70,531 രൂപ അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ട കൗൺസിലർമാർക്കും, സെക്രട്ടറിക്കും നോട്ടീസ് നൽകിയിട്ടുണ്ട്. ടി നോട്ടീസിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ 5-11-2014-ലെ കൗൺസിലിന്റെ 1(സി), 1(ഡി) തീരുമാനങ്ങൾ പ്രകാരം അപകടമരണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ കൗൺസിലിന്റെ നടപടിക്ക് മുൻകാലപ്രാബല്യത്തോടെ അംഗീകാരം നൽകണമെന്ന് പ്രമേയത്തിലൂടെ ഐകകണ്ഠ്യേന അംഗീകരിച്ച് 14-11-2014-ൽ ബഹു. സർക്കാരിലേയ്ക്ക് അയച്ചിട്ടുള്ളതാണ്.

3.4.6 17-10-2000-ലെ ഗവ. ഉത്തരവ് ബഹു. കൗൺസിലിനു മുൻപാകെ വന്നിരുന്നില്ല. ആയതിനാൽ 35,70,531 രൂപ ചെലവു ചെയ്യുന്നതിനുള്ള അനുമതി കൗൺസിൽ നൽകിയിരുന്നു. മേലിൽ ഇത്തരം ലംഘനങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുന്നതാണ്.

കൊച്ചി നഗരസഭ പരിധിയിൽ സ്ഥിരം താമസക്കാരായ വ്യക്തികൾ അപകടമരണത്തിന് ഇരയാകുമ്പോൾ ടി ആളുകൾക്ക് ആശ്വാസം കിട്ടണമെന്ന ഉദ്ദേശത്തോടെയാണ് 1996-97 മുതൽ 2003-04 വരെയുള്ള കാലയളവിലെ കൗൺസിലർമാരെയും മേയർമാരുടെയും അനുവാദത്തോടെയാണ് അപകടമരണ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. 1996-97 വർഷം ചെലവാക്കിയ 7 ലക്ഷം രൂപയ്ക്ക് 17-10-2000-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 4187/2000/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സാധൂകരണം ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം 21-10-2014-ൽ ബന്ധപ്പെട്ട എല്ലാ അംഗങ്ങൾക്കും സെക്രട്ടറിയ്ക്കും നോട്ടീസ് നൽകിയിട്ടുള്ളതാണ്. ടി നോട്ടീസിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ 5-11-2014-ലെ കൗൺസിലിന്റെ 1(സി), 1(ഡി) തീരുമാനങ്ങൾ പ്രകാരം അപകടമരണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ കൗൺസിലിന്റെ നടപടിക്ക് മുൻകാലപ്രാബല്യത്തോടെ അംഗീകാരം നൽകണമെന്ന് പ്രമേയത്തിലൂടെ ഐകകണ്ഠ്യേന അംഗീകരിച്ച് 14-11-2014-ൽ ബഹു. സർക്കാരിലേയ്ക്ക് അയച്ചിട്ടുള്ളതാണ്.

1. നഗരസഭയുടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുൾപ്പെടെ എല്ലാ കമ്മിറ്റികളിലും നഗരസഭ സെക്രട്ടറിയുടെ സാന്നിദ്ധ്യം ആവശ്യമാണെന്ന സമിതിയുടെ നിർദ്ദേശം നടപ്പാക്കുന്നുണ്ട്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ള എല്ലാ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും മേയറുടെയും കൗൺസിലിന്റെയും കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്.

നഗരസഭാ പരിധിയിൽ സ്ഥിരം താമസ്സക്കാരായ വ്യക്തികൾ അപകടമരണത്തിന് ഇടയാകുമ്പോൾ ടി ആളുകൾക്ക് ആശ്വാസം കിട്ടണമെന്ന ഉദ്ദേശ്യത്തോടെയാണ് 1996-97 മുതൽ 2003-2004 വരെയുള്ള കാലയളവിൽ കൗൺസിലിന്റെയും മേയറുടെയും അനുവാദത്തോടെ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 1996-97 വർഷം ചെലവാക്കിയ 7 ലക്ഷം രൂപയ്ക്ക് 17-10-2000-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 4187/2000/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സാധൂകരണം ലഭിച്ചിട്ടുണ്ട്. 2003-04 കാലഘട്ടത്തിൽ ചെലവനുവദിച്ച 35,70,531 രൂപ ബന്ധപ്പെട്ട കൗൺസിലർമാരിൽ നിന്നും ഉദ്യോഗസ്ഥൻമാരിൽനിന്നും തുല്യമായി ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്തതു പ്രകാരം ടി തുക ഈടാക്കുന്നതിന് ബന്ധപ്പെട്ട കൗൺസിലർമാർക്കും സെക്രട്ടറിയ്ക്കും നോട്ടീസ് നൽകിയിട്ടുണ്ട്. ടി നോട്ടീസിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ 5-11-2014-ലെ കൗൺസിലിന്റെ 1(സി), 1(ഡി) തീരുമാനങ്ങൾ പ്രകാരം അപകടമരണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ കൗൺസിലിന്റെ നടപടിക്ക് മുൻകാലപ്രാബല്യത്തോടെ അംഗീകാരം നൽകണമെന്ന് പ്രമേയത്തിലൂടെ ഐകകണ്ഠ്യേന അംഗീകരിച്ച് 14-11-2014-ൽ ബഹു. സർക്കാരിലേയ്ക്ക് അയച്ചിട്ടുള്ളതാണ്.

3.4.7 കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൗൺസിലർമാരുടെയും മേയറുടെയും ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.4.8 ഗ്രൂപ്പ് ജനതാ അപകട ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട്, 23-12-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3850/15/ത.സ്വ.ഭ.വ. പ്രകാരം 95,84,804 രൂപയുടെ ചെലവിന് സാധൂകരണം നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 53, 54, 55, 56, 57

ശിപാർശ

3.5.1 നഗരസഭയുടെ മൈത്രി ഭവന നിർമ്മാണ പദ്ധതിപ്രകാരം 300 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകുവാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിനായി 297 ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച നഗരസഭ 777 പേർക്ക് 7,000 രൂപ വീതം ഒന്നാം ഗഡു ധനസഹായം നൽകിയിരിക്കുന്നു. മൈത്രി ഭവനനിർമ്മാണ പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡുമായി ചേർന്നാണ് ഭവന പദ്ധതി നടപ്പിലാക്കേണ്ടത്. ധനസഹായ തുക ഹൗസിംഗ് ബോർഡിൽ നിക്ഷേപിക്കേണ്ടതും വ്യക്തികൾക്ക് നേരിട്ട് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഹൗസിംഗ് ബോർഡിനെ ഒഴിവാക്കി ഗുണഭോക്താക്കൾക്ക് തുക നേരിട്ട് നൽകിയ നഗരസഭ, അവശേഷിക്കുന്ന തുകയുടെ വിതരണമോ പദ്ധതിയുടെ പൂർത്തീകരണമോ ഉറപ്പാക്കിയതുമില്ല.

3.5.2 ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം 300-ൽ നിന്നും 777 ആയി വർദ്ധിപ്പിച്ചുവെന്നും, വാർഡ് സഭ തെരഞ്ഞെടുത്തതും കൗൺസിലും ജില്ലാ ആസൂത്രണ സമിതിയും അംഗീകരിച്ചതുമായ ഗുണഭോക്തൃലിസ്റ്റിൽ നിന്നും മുൻഗണനാക്രമമനുസരിച്ചാണ് ആനുകൂല്യം വിതരണം ചെയ്തതെന്നും പറയുന്ന നഗരസഭ അതിന് ആധാരമായ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയതായി കാണുന്നില്ല. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ ജനകീയാസൂത്രണ പ്രസ്ഥാനം വിഭാവനം ചെയ്ത സുതാര്യത പാലിക്കപ്പെട്ടിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു.

3.5.3 പ്രാരംഭത്തിൽ 19,500 രൂപ നിരക്കിൽ 300 പേർക്ക് ആനുകൂല്യം ലക്ഷ്യമിട്ടതിനുശേഷം 35,000 രൂപ നിരക്കിൽ 167 പേർക്കായി ആനുകൂല്യം നിശ്ചയിക്കുന്നതിനുള്ള ഭേദഗതിയും ഹൗസിംഗ് ബോർഡിനെ ഒഴിവാക്കുവാനുള്ള നിർദ്ദേശവും നഗരസഭാ കൗൺസിൽ പാസ്സാക്കിയതായി കാണുന്നുവെങ്കിലും 777 പേർക്ക് 7,000 രൂപ നിരക്കിൽ തുക നൽകിയിരിക്കുന്നു. പദ്ധതി നടത്തിപ്പിന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുള്ളപ്പോൾ അവ മറികടക്കുവാൻ കൗൺസിലിന് അധികാരമില്ല. അത്തരം ലംഘനങ്ങൾ പദ്ധതിപ്പണത്തിന്റെ ദുരുപയോഗമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

3.5.4 പരാമർശ വിധേയമായ മൈത്രി ഭവന പദ്ധതിയുടെ നടത്തിപ്പ് സുതാര്യമായിരുന്നില്ല എന്നാണ് സമിതി മുമ്പാകെ സമർപ്പിച്ച സർക്കാർ മറുപടിയിൽ നിന്നും തെളിവെടുപ്പ് യോഗത്തിൽ നൽകിയ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യമായത്. ടി പദ്ധതിയുടെ ഒറിജിനൽ പ്രോജക്ട്, പ്രസ്തുത പ്രോജക്ടിൽ മാറ്റം

വരുത്തുവാൻ കൗൺസിൽ എടുത്ത തീരുമാനത്തിന്റെ പകർപ്പ്, പ്രോജക്ടിന്റെ നടത്തിപ്പ്, ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, പ്രോജക്ടിന്റെ പൂർത്തീകരണം എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് 2009 ഡിസംബർ 15-ലെ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെയും നഗരസഭയുടെയും ഈ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാനും ആവശ്യപ്പെടുന്നു.

3.5.5 കൊച്ചി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ പരിശോധിക്കുന്നതിനും തെളിവെടുപ്പിനുമായി 2009 ആഗസ്റ്റ് മാസം 8-ാം തീയതി ചേർന്ന യോഗത്തിൽ ഹാജരായ കോർപ്പറേഷൻ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായി മറുപടി നൽകാത്തതിനാൽ യോഗം മാറ്റിവയ്ക്കേണ്ടതായിവരികയും ഓഡിറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും ഗൗരവപൂർവ്വം പരിശോധിക്കാതെയും ആവശ്യമായ തയ്യാറെടുപ്പുകൾ നടത്താതെയും സമിതി മുമ്പാകെ തെളിവെടുപ്പിന് ഹാജരായ ഉദ്യോഗസ്ഥരുടെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. അതേ ഓഡിറ്റ് ഖണ്ഡികകൾ പരിശോധിക്കുന്നതിനായി 15-12-2009-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ കോർപ്പറേഷൻ സെക്രട്ടറി ഹാജരായില്ല. ആയതിന് അദ്ദേഹം നൽകിയ വിശദീകരണം തൃപ്തികരമായിരുന്നില്ല. പ്രസ്തുത യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർക്കും സമിതി ഉന്നയിച്ച പരമപ്രധാനമായ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകാനായില്ല എന്നത് സമിതി അത്യധികം ഗൗരവപൂർവ്വം വീക്ഷിക്കുന്നു. സമിതി മുമ്പാകെ പരിഗണനയിലിരിക്കുന്ന സമാഹൃത റിപ്പോർട്ടുകളിലെ ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനാ വേളയിൽ ഹാജരാകുന്ന ഉദ്യോഗസ്ഥർ ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് സമിതി ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് സ്പഷ്ടമായ വിശദീകരണം നൽകുവാൻ പ്രാപ്തരായിരിക്കണം എന്ന് സമിതി നിഷ്കർഷിക്കുന്നു. സമിതിക്കാവശ്യമായ വിവരങ്ങളും രേഖകളും തെളിവെടുപ്പിന് മുൻപ് തന്നെ ലഭ്യമാക്കേണ്ടതും പരിഗണിക്കപ്പെടുന്ന വിഷയത്തെക്കുറിച്ചുള്ള മുഴുവൻ ഫയലുകളും രേഖകളും വേണ്ടവിധത്തിൽ പഠിച്ച് മാത്രം യോഗത്തിന് ഹാജരാകേണ്ടതും ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ച സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതാണ്. നിയമസഭാ സമിതിയുടെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നതിലൂടെ സഭയുടെ പ്രത്യേകാവകാശം തന്നെ ചോദ്യം ചെയ്യപ്പെടുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ മേലിൽ സഭാ സമിതിയുടെ പ്രവർത്തനത്തിന് ആവശ്യമായ രേഖകൾ യഥാസമയം ലഭ്യമാക്കണമെന്നും സമിതി യോഗങ്ങളിൽ ഹാജരാകുന്ന ഉദ്യോഗസ്ഥർ യഥാവിധി തയ്യാറെടുപ്പുകളുമായി എത്തണമെന്നും സമിതി ശക്തമായി നിഷ്കർഷിക്കുന്നു. അല്ലാത്തപക്ഷം സമിതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി

പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടിക്ക് ശിപാർശ ചെയ്യുവാൻ സമിതി നിർബന്ധിതമാകുമെന്ന് ഓർമ്മിപ്പിക്കുന്നു. സമിതിയുടെ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.5.6 23-3-1999-ലെ 77-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 2000-മാണ്ടോടെ സമ്പൂർണ്ണ ഭവനനിർമ്മാണം എന്ന സർക്കാർ നയം കണക്കിലെടുത്ത് ഭവന നിർമ്മാണ ധനസഹായം ലഭിയ്ക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്ന ദുർബല വിഭാഗത്തിൽപ്പെടുന്ന ലിസ്റ്റിൽ ഉള്ളവരും അല്ലാത്തവരുമായ അർഹതപ്പെട്ട എല്ലാ കുടുംബാംഗങ്ങൾക്കും പ്രത്യേക പരിഗണന നൽകി കൗൺസിലറുടെ ശിപാർശയോടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളുടെ എണ്ണം 777 ആയി വർദ്ധിപ്പിച്ചത്. ജനകീയാസൂത്രണ പദ്ധതി തുടങ്ങിയ കാലഘട്ടത്തിലാണ് മൈത്രി ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടി പദ്ധതി കെ.എസ്.എച്ച്.ബി.യുമായി സഹകരിച്ച് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ടി കാലഘട്ടത്തിൽ കെ.ആർ.പി. യോഗത്തിന്റെ തീരുമാനമനുസരിച്ചാണ് പദ്ധതി പ്രാവർത്തികമാക്കി വന്നത്. ടി പദ്ധതി പ്രവൃത്തി കെ.എസ്.എച്ച്.ബി. എറ്റെടുത്ത് നടത്തി ക്കൊണ്ടുപോകുന്നതിന് പ്രാപ്തരല്ല എന്നും ടി പ്രവൃത്തി കെ.എസ്.എച്ച്.ബി. മുഖേന പ്രാവർത്തികമാക്കുവാൻ കാലതാമസം നേരിടുമെന്നും കെ.ആർ.പി. കൗൺസിലിനെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തിരുന്നു. കൂടാതെ മറ്റു നഗരസഭകളിലും കെ.എസ്.എച്ച്.ബി. ഏറ്റെടുത്ത് ചെയ്യുന്ന പ്രവൃത്തികൾ പൂർണ്ണത കൈവരിച്ചിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിരുന്നു. അത് പ്രകാരമാണ് കെ.എസ്.എച്ച്.ബി.യുമായി സഹകരിക്കേണ്ട എന്ന് കൗൺസിൽ തീരുമാനിച്ചത്. ദരിദ്രരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും, മറ്റു വിഭാഗക്കാർക്കും അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന സദുദ്ദേശത്തൊടെയാണ് ടി പ്രവൃത്തിക്ക് ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകുവാനുണ്ടായ സാഹചര്യമുണ്ടായത്. ഗുണഭോക്താക്കൾ മതിയായ രേഖകൾ ഹാജരാക്കുന്നതിനുള്ള കാലതാമസവും നേരിട്ടിട്ടുണ്ട്. രേഖകൾ ഹാജരാക്കിയവർക്ക് എല്ലാംതന്നെ തുക നൽകിയിട്ടുമുണ്ട്. വളരെ പാവപ്പെട്ട വിഭാഗത്തിൽപ്പെട്ടവരായതിനാൽ നഗരസഭയിൽ നിന്നും നൽകിയ തുക കൊണ്ടു മാത്രം പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം ചിലർക്ക് ഉണ്ടായിട്ടുണ്ട്. സന്നദ്ധ പ്രവർത്തകരുടെ സേവനം ടി പദ്ധതിയുടെ നടത്തിപ്പിൽ പൂർണ്ണമായും ഉണ്ടായിട്ടുള്ളതാണ്. ഗുണഭോക്താക്കൾക്ക് ഗഡുക്കളായാണ് തുക

നൽകിവന്നിരുന്നത്. ഓരോ ഘട്ടത്തിലും പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തലുകളോടെയാണ് അടുത്ത ഗഡു തുക നൽകുന്നത്. കൂടുതലും പാവപ്പെട്ട വിഭാഗക്കാരായതിനാൽ നഗരസഭയിൽ നിന്നും അക്കാലത്ത് നൽകിയ നിശ്ചിത തുകകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുവാൻ അവർക്ക് സാധിക്കാതെ വന്നിട്ടുണ്ട്. ആയതുമൂലമാണ് പദ്ധതി പൂർത്തീകരണത്തിനും വിതരണത്തിനും കാലതാമസം നേരിട്ടിട്ടുള്ളത്. ആയതിനാൽ മേൽ വസ്തുതകൾ പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

3.5.7 23-3-1999-ലെ 77-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 2000-മാണ്ടോടെ സമ്പൂർണ്ണ ഭവന നിർമ്മാണം എന്ന സർക്കാർ നയം കണക്കിലെടുത്ത് ഭവന നിർമ്മാണ ധനസഹായം ലഭിയ്ക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്ന ദുർബലവിഭാഗത്തിൽപ്പെടുന്ന ലിസ്റ്റിൽ ഉള്ളവരും അല്ലാത്തവരുമായ അർഹതപ്പെട്ട എല്ലാ കുടുംബാംഗങ്ങൾക്കും പ്രത്യേക പരിഗണന നൽകി കൗൺസിലറുടെ ശിപാർശയോടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളുടെ എണ്ണം 777 ആയി വർദ്ധിപ്പിച്ചത്. പരമാവധി ആക്ഷേപ രഹിതമായാണ് പദ്ധതി പ്രവൃത്തികൾ നടത്തി വന്നിരിക്കുന്നത്. ആയതിൽ ചില തെറ്റുകുറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. സന്നദ്ധ പ്രവർത്തകരുടെ സേവനം ടി കാലഘട്ടത്തിൽ പദ്ധതി നടത്തിപ്പിന്റെ എല്ലാ തലങ്ങളിലും ഉണ്ടായിട്ടുണ്ട്. സംഭവിച്ച തെറ്റുകൾ മാപ്പാക്കി പ്രസ്തുത ഓഡിറ്റ് തടസ്സവാദങ്ങൾ ഒഴിവാക്കി നൽകണമെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

3.5.8 ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നാംഘട്ടം അസ്ഥിവാരത്തിനുള്ള മൺപണി തീർന്നശേഷം 2,000 രൂപ (20%) നൽകുവാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ നിർവ്വഹണ സഹായത്തിനുള്ള കർമ്മ സമിതിയുടെ തീരുമാനപ്രകാരം അസ്ഥിവാരത്തിന് മൺപണി തീർന്നാൽ 7,000, 13,000, 15,000 എന്നീ 3 ഘട്ടങ്ങളായി തുക നൽകാമെന്ന കാര്യം നഗരസഭാ മേയറുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് 7,000 രൂപ ആദ്യം നൽകി മൊത്തം 3 ഇൻസ്റ്റാൾമെന്റ് ആക്കുന്നതിന് പ്രോജക്ട് ഇംപ്ലിമെന്റേഷന് എളുപ്പമാകും എന്ന് രേഖാമൂലം മേയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ചാണ് ഗുണഭോക്താക്കൾ 7,000 രൂപ വീതം നൽകുവാനുള്ള സാഹചര്യമുണ്ടായത്. ആയത് ഗുണഭോക്താക്കൾക്കും ഗുണകരമാകും എന്ന് ബോദ്ധ്യപ്പെട്ടിരുന്നു.

3.5.9 ഇതുമായി ബന്ധപ്പെട്ട് സമിതി ആവശ്യപ്പെട്ട പ്രകാരം കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് മറ്റു അനുബന്ധ രേഖകളുടെ പകർപ്പ് എന്നിവ ഹാജരാക്കുന്നു. പ്രസ്തുത ഫയലുകളിലെ ലഭ്യമായ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്.

3.5.10 ഇനി മേലിൽ സമിതി പരാമർശങ്ങളെക്കുറിച്ച് വ്യക്തമായി പഠിച്ച് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനും യഥാവിധി തയ്യാറെടുപ്പുകളോടെ സമിതിക്ക് മുമ്പാകെ ഹാജരാകുന്നതാണെന്നും ബോധിപ്പിച്ചുകൊള്ളുന്നു. ആയതിനാൽ സംഭവിച്ചുപോയിട്ടുള്ള വീഴ്ചകൾ മാപ്പാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.5.11 23-3-1999-ലെ 77-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 2000-ാം മാണ്ടോടെ സമ്പൂർണ്ണ ഭവന നിർമ്മാണം എന്ന സർക്കാർ നയം കണക്കിലെടുത്ത് ഭവന നിർമ്മാണ ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്ന ദുർബല വിഭാഗത്തിൽപ്പെടുന്ന ലിസ്റ്റിൽ ഉള്ളവരും അല്ലാത്തവരുമായ അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും പ്രത്യേക പരിഗണന നൽകി കൗൺസിലറുടെ ശിപാർശയോടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിച്ച് അവർക്ക് തുക നൽകിയത്. കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്.

ആദ്യം കെ.എസ്.എച്ച്.ബി. മുഖേന പ്രവൃത്തി നടപ്പിലാക്കാൻ തീരുമാനിച്ചുവെങ്കിലും പിന്നീട് കെ.ആർ.പി. യോഗത്തിന്റെ തീരുമാനപ്രകാരം കെ.എസ്.എച്ച്.ബി.യെ ഒഴിവാക്കാൻ കൗൺസിലിനോട് ശിപാർശ ചെയ്തതായി (ശിപാർശ കത്ത് നം. CCPC3/22810/98 തീയതി 8-12-1998) രേഖപ്പെടുത്തിയിട്ടുണ്ട്. ടി ശിപാർശ 2-1-1999 -ലെ 14-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇത് ശരിയാണെന്ന് പരിശോധിച്ച് ബോദ്ധ്യമായിട്ടുണ്ട്. ടി തീരുമാനപ്രകാരം ആണ് കെ.എസ്.എച്ച്.ബി.യെ ടി പ്രോജക്ട് നടപ്പിലാക്കുന്നതിൽ നിന്ന് ഒഴിവാക്കി നഗരസഭ നേരിട്ട് ഗുണഭോക്താക്കൾക്ക് തുക നൽകിയിരിക്കുന്നത്.

മൈത്രി ഭവന നിർമ്മാണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൂടുതൽ പരിശോധനയ്ക്കായി ഫയൽ മതിയായ വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. മതിയായ രേഖകളുടെ അഭാവത്തിൽ പ്രോജക്ടിന്റെ നടത്തിപ്പ്, പൂർത്തീകരണം, തുക ലഭിച്ചവരുടെ വിവരങ്ങൾ തുടങ്ങിയവയുൾപ്പെടെ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

സമിതി തീരുമാനം

3.5.12 നടപടിക്കുറിപ്പുകൾ പരിഗണിച്ച് സമിതി സർക്കാർ മാനദണ്ഡങ്ങൾക്കെതിരായി കൗൺസിലിന് തീരുമാനമെടുക്കാൻ കഴിയില്ലെന്നും അത്തരം തീരുമാനങ്ങളെടുക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ടെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത

വിഷയവുമായി ബന്ധപ്പെട്ട് കൗൺസിൽ തീരുമാനമുള്ളതായി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>ഖണ്ഡിക നമ്പർ 63</u>

<u>ശിപാർശ</u>

3.6.1 സർക്കാർ ഉത്തരവ് പ്രകാരം വീട്ടുവളപ്പിൽ മുട്ടക്കോഴി വളർത്തൽ പദ്ധതിക്ക് 3 മുതൽ 4 മാസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാവുന്നതാണ്. ഈ പദ്ധതിയിൻ കീഴിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തപ്പോൾ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിച്ചതായി നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജന്റെ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. സർക്കാർ അംഗീകൃത ഫാമിൽ നിന്നാണ് വിതരണത്തിനുള്ള കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതെന്നും സമിതി മനസ്സിലാക്കുന്നു. കോഴിക്കുഞ്ഞുങ്ങൾക്കുള്ള ഫീഡ് സപ്ലിമെന്റായി വിതരണം ചെയ്തത് പ്രോജക്ടിലെ വ്യവസ്ഥപ്രകാരമുള്ള ധാതുലവണ മിശ്രിതമാണെന്നും ഇതിന് കോഴിത്തീറ്റയേക്കാളും വില കൂടുതലാണെന്നും ഫീഡും (കോഴിത്തീറ്റ) ഫീഡ് സപ്ലിമെന്റും (ധാതുലവണ മിശ്രിതം) വ്യത്യസ്തമാണെന്നും ഇവ തെറ്റായി ധരിച്ചതുമൂലമാണ് ഓഡിറ്റ് പരാമർശം ഉണ്ടായതെന്നുമുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം തൃപ്തികരണമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിനിർവ്വഹണം സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ സമിതി മുമ്പാകെ നൽകിയ വിശദീകരണത്തിന്റെയും സർക്കാർ രേഖാമൂലം നൽകിയ മറുപടിയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.6.2 സമിതി ശിപാർശ പ്രകാരം, കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ.എസ്.എ.കെ.സി.സി. (എസ്.8) 689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 68</u>

<u>ശിപാർശ</u>

3.7.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്ക് സബ്സിഡി അനുവദനീയമല്ലാതാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച അതേ തീയതിയിലെ നഗരസഭാ കൗൺസിലിന്റെ തീരുമാനത്തിന് 22-10-1998-ന് നഗരസഭാ വിദഗ്ദ്ധ സമിതിയുടെ സാങ്കേതികാനുമതിയും 31-10-1998-ന് ജില്ലാ ആസൂത്രണ സമിതിയുടെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്

ശേഷമാണ് സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടതെന്നും ഉടൻതന്നെ അക്കാര്യം മേയറുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെന്നും മേയർ അക്കാര്യം സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നുമുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം ന്യായയുക്തമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി നിർവ്വഹണം പൂർത്തിയായി കഴിഞ്ഞതിന്റെയും മേൽ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.7.2 സമിതി ശിപാർശ പ്രകാരം, കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ.എസ്.എ.കെ.സി.സി. (എസ്.8) 689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 77, 78, 79</u>

<u>ശിപാർശ</u>

3.8.1 നഗരസഭ വിഭാവനം ചെയ്ത ചെറുകിട പശുവളർത്തൽ യൂണിറ്റ് പദ്ധതി 1998-99-ൽ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും കരാറിലേർപ്പെട്ട സ്ഥാപനം സാമ്പത്തിക വർഷത്തെ അവസാന ദിവസമായിട്ടും കിടാരികളെ എത്തിക്കാത്തതിനാൽ പ്രസ്തുത വർഷം പദ്ധതി നടപ്പിലായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഓഡിറ്റ് പരമാർശത്തിന് വിധേയമായ പദ്ധതി തുക ചെലവഴിച്ചത് കിടാരികളെ ഇൻഷ്വർ ചെയ്യുന്നതിനായിരുന്നുവെന്നും പദ്ധതിയിൻകീഴിൽ ടി വർഷം 27,607 രൂപയാണ് ആകെ ചെലവായതെന്നും മൂന്നുമാസത്തിനുശേഷം സ്പിൽഓവറായി പദ്ധതി നടപ്പിലാക്കിയെന്നും നിർവ്വഹണോദ്യോഗസ്ഥനായിരുന്ന വെറ്ററിനറി സർജൻ മറുപടി നൽകിയിരിക്കുന്നു.

3.8.2 സ്പിൽഓവറായി മൂന്ന് മാസങ്ങൾക്കുശേഷം പദ്ധതി നടപ്പിലാക്കിയെന്ന് നിർവ്വഹണോദ്യോഗസ്ഥൻ സമിതി മുമ്പാകെ വാദിച്ചെങ്കിലും ആയത് തെളിയിക്കുവാനാവശ്യമായ യാതൊരു രേഖയും ഓഡിറ്റിനോ സമിതിക്കോ ലഭ്യമാക്കിയില്ല. പദ്ധതി സംബന്ധിച്ച ഫയൽ നഗരസഭയിലും ലഭ്യമല്ല എന്നാണ് നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. സമിതിയുടെ യോഗത്തിൽ വച്ച് പദ്ധതി നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തിയെങ്കിലും ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് 5-12-2009-ൽ നൽകിയ മറുപടിയിൽപോലും പൂർത്തീകരണത്തെപ്പറ്റി പരാമർശിച്ചിട്ടില്ല. ലഭ്യമാക്കാത്ത കിടാരികൾക്കായി പദ്ധതി പണം പിൻവലിച്ച് ഇൻഷ്വറൻസ് കമ്പനിയുടെ പേരിൽ ഡി.ഡി. എടുത്ത നിർവ്വഹണോദ്യോഗസ്ഥന്റെ നടപടി തികച്ചും നിരുത്തരവാദപരമാണെന്ന് സമിതി വിലയിരുത്തുന്നു. സ്പിൽഓവറായി പദ്ധതി

നടപ്പിലാക്കിയപ്പോൾ പ്രസ്തുത ഡി.ഡി. ഉപയോഗിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും അതു തെളിയിക്കുവാനുള്ള രേഖ ഹാജരാക്കുവാൻ കഴിയാത്തതിൽ നിന്നും ആയതിന്റെ വിനിയോഗം സംബന്ധിച്ച അവകാശവാദം സംശയാസ്പദമാകുന്നു.

3.8.3 പദ്ധതി സംബന്ധിച്ച ഫയലുകളും രേഖകളും സ്ഥലമാറ്റവേളയിൽ തിരിച്ചേൽപ്പിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. എന്നാൽ ഫയൽ കൈമാറ്റം ചെയ്തതിനുള്ള യാതൊരു തെളിവും ഹാജരാക്കാത്തതിനാൽ ടിയാന്റെ വാദം വിശ്വസനീയമായി കരുതാനാവില്ല. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ നിർവ്വഹണോദ്യോഗസ്ഥരുടെ അധീനതയിലാണെന്നും കൈമാറ്റം ചെയ്യുന്നത് മതിയായ കൈപ്പറ്റു രസീതോടെയാണെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് ഖണ്ഡികയിൽ തടസ്സപ്പെടുത്തിയ തുകയുടെ വിനിയോഗം, പദ്ധതിയുടെ നിർവ്വഹണം എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകുവാനും ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാനും സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടിരുന്ന നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാനും പദ്ധതിപ്പണം ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുവാനും അവർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.4 ഖണ്ഡിക 78 പ്രകാരം ടി പദ്ധതി സ്പിൽഓവറായി നടപ്പിലാക്കിയതിൽ ക്രമവിരുദ്ധമായി ചെലവാക്കിയ 28,992 രൂപ നിർവ്വഹണോദ്യോഗസ്ഥനായ ഡോ. എൻ.എൻ. സുനിൽ 6-8-2014 -ൽ സർക്കാർ ട്രഷറിയിൽ തിരികെ ഒടുക്കിയിട്ടുണ്ട്.

3.8.5 ഓഡിറ്റ് പരാമർശ തുക ഒടുക്കുന്നതിനായി 28-1-2014, 22-4-2014 എന്നീ തീയതികളിൽ ടിയാന് കത്ത് നൽകിയിരുന്നു. അതനുസരിച്ച് ഡോ. എൻ.എൻ. സുനിൽ ഓഡിറ്റ് പരാമർശ തുക 28,992 രൂപ സർക്കാർ ട്രഷറിയിൽ 6-8-2014-ൽ ഒടുക്കിയിട്ടുണ്ട്. ടിയാൻ മുഴുവൻ തുകയും ഒടുക്കിയ സാഹചര്യത്തിൽ മറ്റു തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാകുന്നു. ബഹു. സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ടിയാനിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കി ഈ ഓഡിറ്റ് പരാമർശം നീക്കിത്തരണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

3.8.6 ഓഡിറ്റ് പരാമർശ തുക ഒടുക്കുന്നതിനായി 28-1-2014, 22-4-2014 എന്നീ തീയതികളിൽ ടിയാന് കത്ത് നൽകിയിരുന്നു. അതനുസരിച്ച് ഡോ. എൻ.എൻ. സുനിൽ ഓഡിറ്റ് പരാമർശ തുക 28,992 രൂപ സർക്കാർ ട്രഷറിയിൽ 6-8-2014-ൽ ഒടുക്കിയിട്ടുണ്ട്.

ടിയാൻ മുഴുവൻ തുകയും ഒടുക്കിയ സാഹചര്യത്തിൽ മറ്റു തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാകുന്നു. ബഹു. സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ടിയാനിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കി ഈ ഓഡിറ്റ് പരാമർശം നീക്കിത്തരണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.8.7 സ്പിൽഓവറായി പദ്ധതി നടപ്പിലാക്കിയപ്പോൾ പ്രസ്തുത ഡി.ഡി. ഉപയോഗിച്ചുവെന്ന് പറയുന്നുവെങ്കിലും അത് തെളിയിക്കുവാനുള്ള രേഖ ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല. ടി പദ്ധതി സ്പിൽഓവറായി നടപ്പിലാക്കിയതിൽ ചെലവാക്കിയ 28,992 രൂപ നിർവ്വഹണോദ്യോഗസ്ഥനായ ഡോ. എൻ.എൻ. സുനിൽ 6-8-2014-ൽ സർക്കാർ ട്രഷറിയിൽ തിരികെ ഒടുക്കിയിട്ടുണ്ട്. [ചെല്ലാൻ നമ്പർ 265/6.8.14 ശീർഷകം-3604-00-(911-99)-Deduct recoveries of over payment] വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>സമിതി തീരുമാനം</u>

3.8.8 ടി വിഷയവുമായി ബന്ധപ്പെട്ട് സ്പിൽഓവറായി പദ്ധതി നടപ്പിലാക്കിയതിൽ ക്രമവിരുദ്ധമായി ചെലവാക്കിയ തുക നിർവ്വഹണോദ്യോഗസ്ഥൻ സർക്കാർ ട്രഷറിയിൽ തിരികെ ഒടുക്കിയിട്ടുള്ളതിനാൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

<u>ഖണ്ഡിക നമ്പർ 82, 83</u>

<u>ശിപാർശ</u>

3.9.1 സർക്കാർ ഉത്തരവ് ലഘൂകരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി വിഹിതം ചെലവഴിച്ചത് തികച്ചും ധനദുർവിനിയോഗമായി സമിതി വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന് കാരണമായ വസ്തുതകളെക്കുറിച്ച് അന്വേഷിച്ച് നിജസ്ഥിതി സമിതിയെ അറിയിക്കുവാൻ ജോയിന്റ് ഡയറക്ടർ, അഡ്മിനിസ്ട്രേഷൻ (അർബൻ) -നോട് സമിതി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ മറുപടി നാളിതുവരെ ലഭ്യമാക്കാത്തത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു.

3.9.2 പ്രോജക്ടിന്റെ യഥാർത്ഥ എസ്റ്റിമേറ്റ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവയും മറ്റു ബന്ധപ്പെട്ട രേഖകളും അടിയന്തരമായി പരിശോധിച്ച് മറുപടി നൽകുവാൻ സർക്കാരിനോടും ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോടും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.9.3 വീട് റിപ്പെയർ ധനസഹായവുമായി ബന്ധപ്പെട്ട ടി ഖണ്ഡിക സംബന്ധിച്ച ഫയലുകൾ നഗരസഭയിൽ ലഭ്യമല്ലാത്തതിനാൽ സമിതി ആവശ്യപ്പെട്ട പ്രകാരം ടി കാലഘട്ടത്തിലെ കൗൺസിൽ തീരുമാനങ്ങളുടെ പകർപ്പും കൗൺസിലർമാരുടെ വിവരങ്ങളും 28-1-2014-ൽ അയച്ചുനൽകിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികളുടെ ഫയൽ നഗരസഭയിൽ നിലവിലെ സെക്ഷനിലും മറ്റുവിഭാഗങ്ങളിലും ഇതുമായി ബന്ധപ്പെട്ട സ്റ്റോറിലും തെരഞ്ഞെങ്കിലും കണ്ടെത്താൻ സാധിച്ചിട്ടില്ല.

നഗരസഭയിൽ പ്രസ്തുത ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള പദ്ധതികളുടേത് 14 വർഷത്തിനുമേൽ കാലപ്പഴക്കം ചെന്ന ഫയലുകളാണ്. ജനകീയാസൂത്രണ വിഭാഗം മുമ്പ് പ്രവർത്തിച്ചിരുന്ന മുറികളിൽ നിന്ന് മൂന്ന് പ്രാവശ്യം ഓഫീസ് മാറേണ്ടി വന്നിട്ടുണ്ട്. ആയതുമൂലം ഫയൽ നഷ്ടപ്പെടുവാൻ സാഹചര്യമുണ്ടായിട്ടുണ്ട്. 1998-99 കാലഘട്ടങ്ങളിൽ സന്നദ്ധപ്രവർത്തകർ മുഖേനയാണ് പല പദ്ധതികളും നടപ്പിലാക്കിയിട്ടുള്ളത്. മേൽ കാരണങ്ങളാൽ ആയിരിക്കാം സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചുകൊണ്ട് പദ്ധതികൾ പൂർത്തിയാക്കുവാൻ സാധ്യമാകാതെ വന്ന സാഹചര്യമുണ്ടായത്. ജനകീയാസൂത്രണം തുടങ്ങിയ ആദ്യവർഷങ്ങളിൽ നിയതമായ ചട്ടങ്ങളും പാലിച്ചുകൊണ്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ കൊച്ചി പോലുള്ള നഗരസഭയ്ക്ക് സാധിക്കാതെ വന്നിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതിപ്പണം എത്രയുംപെട്ടന്ന് നൽകി ദരിദ്രരായ അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് കൗൺസിൽ തീരുമാനിച്ചിട്ടുള്ളത്. പരമാവധി ആക്ഷേപരഹിതമായാണ് പദ്ധതി പ്രവൃത്തികൾ നടത്തിവന്നിട്ടുള്ളത്. ആയതിനാൽ ചില തെറ്റുകുറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. സന്നദ്ധപ്രവർത്തകരുടെ സേവനം ടി കാലഘട്ടത്തിൽ പദ്ധതി നടത്തിപ്പിന്റെ എല്ലാ തലങ്ങളിലും ഉണ്ടായിട്ടുണ്ട്. ആയതിനാൽ ഉദ്യോഗസ്ഥർ മനഃപൂർവ്വമായി തെറ്റുകുറ്റങ്ങളിൽ ഏർപ്പെട്ടു എന്ന് കരുതാൻ ആവില്ല. സംഭവിച്ച തെറ്റുകൾ മാപ്പാക്കി പ്രസ്തുത ഓഡിറ്റ് തടസ്സവാദങ്ങൾ ഒഴിവാക്കി നൽകണമെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

3.9.4 ഓഡിറ്റ് പരിശോധനാ വേളയിൽ (12/2009) ജനകീയാസൂത്രണ വിഭാഗത്തിൽ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലാർക്ക് ശ്രീ. എസ്. കുമാരൻനായരും, (ഇപ്പോൾ സൂപ്രണ്ട് തിരുവനന്തപുരം നഗരസഭ) സൂപ്രണ്ട് ശ്രീമതി ബീനാ ഗോമസും (31-5-2014-ൽ തൃപ്പൂണിത്തുറ നഗരസഭയിൽ നിന്നും വിരമിച്ചു.)എന്നിവരായിരുന്നു. കൂടാതെ പദ്ധതി നിർവ്വഹണ സമയത്ത് നഗരസഭ സെക്രട്ടറി ശ്രീമതി എ. കെ. ശശികല (ആർ.ജെ.ഡി. ആയി വിരമിച്ചു.), സൂപ്രണ്ട് ശ്രീ. പി. പി. വേലായുധൻ (നഗരസഭാ സെക്രട്ടറിയായി വിരമിച്ചു), ശ്രീ. എം. മനോജ് കുമാർ (സീനിയർ ക്ലാർക്ക്, ഏലൂർ നഗരസഭ) എന്നിവരാണ് എന്ന വിവരവും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.9.5 4-9-15-ലെ കെ.എസ്.എ.-കെ.സി.സി.(എസ് 8) 596/15 നമ്പർ കത്ത് മുഖേന നഗരസഭാധികൃതരോട് ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. ലിസ്റ്റിൽ ഉള്ളവരും ഇല്ലാത്തവരും ആയ എല്ലാ ഗുണഭോക്താക്കൾക്കും, വാസയോഗ്യമായ വീട് എന്ന സംസ്ഥാന സർക്കാരിന്റെ നയം പരിഗണിച്ച്, കൗൺസിലിന്റെ ശിപാർശയോടുകൂടി പദ്ധതിയാനുകൂല്യം നൽകാൻ 23-3-1999-ലെ 78-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നിശ്ചയിച്ചു. സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഭവനം ബലപ്പെടുത്തൽ പദ്ധതിക്കുവേണ്ടി സമർപ്പിക്കേണ്ട രേഖകൾ ലഘൂകരിച്ചു കൊണ്ടുള്ള 81-ാം നമ്പർ തീരുമാനം 23-3-1999-ലെ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെയുള്ള വകുപ്പുതല നടപടികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

<u>സമിതി തീരുമാനം</u>

3.9.6 പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കൗൺസിൽ തീരുമാനമുള്ളതായി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിനാലും ഗുണഭോക്താക്കൾക്ക് പദ്ധതി വിഹിതം ലഭിച്ചിട്ടില്ലെന്ന് പരാതിയില്ലാത്തതിനാലും പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന അന്നത്തെ നഗരസഭാ സെക്രട്ടറിയും സൂപ്രണ്ടും സർവ്വീസിൽ നിന്നും വിരമിച്ചതിനാലും പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>ഖണ്ഡിക നമ്പർ 90</u>

<u>ശിപാർശ</u>

3.10.1 പ്രോജക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും സ്വന്തമായി വീടുള്ളവർക്കും ആവശ്യമായ രേഖകൾ ഹാജരാക്കാത്തവർക്കും ആനുകൂല്യം നൽകിയ കോർപ്പറേഷന്റെ നടപടി ന്യായീകരിക്കാനാവില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് നടക്കുന്ന വേളയിൽ ഓഡിറ്റിന് ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തതാണ് ഓഡിറ്റ് തടസ്സങ്ങൾക്ക് പ്രധാനകാരണമെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയലുകളും രേഖകളും ഒരു മാസത്തിനകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഓഡിറ്റ് വകുപ്പ്

അവ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും 15-12-2009-ലെ സമിതി യോഗം നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് നാളിതുവരെ സമിതിക്ക് നൽകിയിട്ടില്ല. ഇത് സമിതിയോടുള്ള അനാദരവായി സമിതി കാണുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച ഫയലുകളും അനുബന്ധ രേഖകളും അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കി മറുപടി നൽകുവാനും സമിതി നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.10.2 ഓഡിറ്റ് പരിശോധനാ വേളയിൽ (12/2009) ജനകീയാസൂത്രണ വിഭാഗത്തിൽ സെക്ഷൻ ക്ലാർക്ക് ശ്രീ. എസ്. കുമാരൻ നായരും, (ഇപ്പോൾ സൂപ്രണ്ട് തിരുവനന്തപുരം നഗരസഭ) സൂപ്രണ്ട് ശ്രീമതി ബീനാ ഗോമസുമായിരുന്നു. (31-5-2014-ൽ തൃപ്പൂണിത്തുറ നഗരസഭയിൽ നിന്നും വിരമിച്ചു.) എന്ന വിവരം റിപ്പോർട്ടു ചെയ്തുകൊള്ളുന്നു. ഓഡിറ്റ് പരിശോധനാകാലയളവിൽ തന്നെ സെക്ഷനിൽ ഫയൽ ലഭ്യമല്ല എന്ന വിവരം മേലുദ്യോഗസ്ഥർ ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നുണ്ട്. ഉദ്യോഗസ്ഥരുടെ പേരുവിവരം കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസിലേയ്ക്ക് രേഖാമൂലം അയച്ച് നൽകിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

1998-99 കാലഘട്ടങ്ങളിൽ സന്നദ്ധപ്രവർത്തകർ മുഖേനയാണ് പല പദ്ധതികൾ പ്രാവർത്തികമാക്കി വന്നിരുന്നത്. ജനകീയാസൂത്രണം തുടങ്ങിയ ആദ്യ വർഷങ്ങളിൽ നിയതമായ രീതികളും, ചട്ടങ്ങളും പാലിച്ചുകൊണ്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവൻ കൊച്ചി പോലുള്ള നഗരസഭയ്ക്ക് സാധിക്കാതെ വന്നിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതി പണം എത്രയും പെട്ടെന്ന് നൽകി ദരിദ്രരായ അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് കൗൺസിൽ തിരുമാനിച്ചിട്ടുള്ളതെന്ന് മനസിലാക്കുന്നു. പരമാവധി ആക്ഷേപരഹിതമായാണ് പദ്ധതി പ്രവൃത്തികൾ നടത്തി വന്നിരിക്കുന്നത്. ആയതിൽ ചില തെറ്റുകുറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. സന്നദ്ധപ്രവർത്തകരുടെ സേവനം ടി കാലഘട്ടത്തിൽ പദ്ധതി നടത്തിപ്പിന്റെ എല്ലാ തലങ്ങളിലും ഉണ്ടായിട്ടുണ്ട്. ആയതിനാൽ ഉദ്യോഗസ്ഥർ മനഃപൂർവ്വമായി തെറ്റ് കുറ്റങ്ങളിൽ ഏർപ്പെട്ടു എന്ന് കരുതാനാവില്ല. ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് 25-4-2014-ന് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുണ്ട്. സംഭവിച്ച തെറ്റുകൾ മാപ്പാക്കി പ്രസ്തുത ഓഡിറ്റ് തടസ്സവാദങ്ങൾ ഒഴിവാക്കി നൽകണമെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.10.3 25-4-2014-ന് ഹാജരാക്കിയ രേഖകളിൽ ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയിട്ടില്ല. 505 അപേക്ഷകരിൽ 10 പേരുടെ അപേക്ഷകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 23-3-1999-ലെ 78-ാം നമ്പർ കൗൺസിൽ തീരുമാനമനുസരിച്ചാണ് ദുർബലവിഭാഗത്തിൽപ്പെടുന്ന, ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളവരും അല്ലാത്തവരുമായ എല്ലാവർക്കും ധനസഹായം നൽകിയതെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അപേക്ഷയുമായി ബന്ധപ്പെട്ട രേഖകൾ, ആധാരത്തിന്റെ പകർപ്പ്, പുതുക്കിയ അടങ്കലിന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുള്ള ഫയൽ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വകുപ്പുതല നടപടികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

<u>ഖണ്ഡിക നമ്പർ 93</u>

<u>ശിപാർശ</u>

3.11.1 കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് കാർ വാങ്ങിയതെന്ന് സമിതി മനസ്സിലാക്കുന്നു. രണ്ട് കാറുകൾ വാങ്ങുവാനുള്ള അനുമതിക്കായി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഒരു കാർ വാങ്ങുവാൻ മാത്രമേ സർക്കാരിന്റെ അനുമതി ഉണ്ടായിരുന്നുള്ളൂ. എന്നാൽ സർക്കാർ അനുമതി ലഭിക്കുന്നതിന് മുമ്പ് തന്നെ നഗരസഭ രണ്ടുകാറുകൾ വാങ്ങികഴിഞ്ഞതായി തെളിയുന്നു. നഗരസഭയുടെ ഈ നടപടി ഉചിതമാണെന്ന് സമിതി കരുതുന്നില്ല. നിലവിലുണ്ടായിരുന്ന പഴയ രണ്ട് കാറുകൾ പി.ഡബ്ല്യു.ഡി. വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ പറഞ്ഞിരുന്നതിന്റെയും കൂടുതൽ തുകയ്ക്ക് വില്ക്കുകയും തുക നഗരസഭയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനത് ഫണ്ട് വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ അധികാരമുണ്ടെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി നിഷ്കർഷിക്കുന്ന സംഗതികളിന്മേൽ ആയത് നേടിയിരിക്കണമെന്നും പരാമർശവിധേയമായ കാറുകൾ വാങ്ങുന്ന വിഷയത്തിൽ അതുണ്ടായിട്ടില്ലെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ജാഗ്രത പുലർത്തണമെന്നും സമിതി നിഷ്കർഷിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.11.2 സമിതി ശിപാർശ പ്രകാരം, കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ.എസ്. എ.കെ.സി.സി (എസ്8) 689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 97, 98

### ശിപാർശ

3.12.1 കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയുള്ള നിയമനത്തിന് കാലതാമസം നേരിട്ടപ്പോൾ സ്ഥിരം തസ്തികകളിലെ ഒഴിവുകളിലേക്കാണ് ദിവസക്കൂലി വ്യവസ്ഥയിൽ നിയമനം നടത്തിയതെന്ന് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ വ്യക്തമാക്കിയ നഗരസഭാ അഡീഷണൽ സെക്രട്ടറി കമ്പ്യൂട്ടർ ഓപ്പറേറ്റർ, ടൈപ്പിസ്റ്റ്-ക്ലാർക്ക്, ബിൽ കളക്ടർ തുടങ്ങിയ തസ്തികകളിൽ അല്ലാതെയും നിയമനം നടത്തിയിട്ടുള്ളതായും പറയുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ ഓഡിറ്റ് ഖണ്ഡികയിൽ തടസ്സപ്പെടുത്തിയിട്ടുള്ള 18,50,721 രൂപ ചെലവഴിച്ചിട്ടുള്ളത് 2000-2001 സാമ്പത്തിക വർഷത്തിലാണ്. എന്നാൽ, ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമില്ലെന്ന് വാദിച്ച് കൊണ്ട് ക്രമവിരുദ്ധമായ ഈ ചെലവിന് സർക്കാരിന്റെ 2006-ലെ ഒരു കത്തിനെ ഉദ്ധരിച്ചുകൊണ്ട് നഗരസഭ ന്യായീകരണം കണ്ടെത്തുവാൻ ശ്രമിക്കുന്നതായാണ് സമിതി കാണുന്നത്. ഇത്തരം നിയമനങ്ങൾക്ക് നഗരസഭാ കൗൺസിലിന്റെ തീരുമാനമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകുവാൻ സമിതി മുമ്പാകെ ഹാജരായ നഗരസഭയുടെ അഡീഷണൽ സെക്രട്ടറിക്ക് കഴിഞ്ഞില്ല. ആയതിനാൽ ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിനുള്ള നഗരസഭാ കൗൺസിലിന്റെ തീരുമാനം, നിയമനം നടത്തിയ തസ്തികകൾ, ജീവനക്കാരുടെ എണ്ണം, നിയമനകാലാവധി എന്നിവ സംബന്ധിച്ച രേഖകളും 2000-2001 സാമ്പത്തിക വർഷം ഇത്തരത്തിൽ നിയമിതരായ ജീവനക്കാരുടെ എണ്ണം, തസ്തികകൾ, കാലയളവ്, ശമ്പളം നൽകിയ അക്കൗണ്ട് ഹെഡ്, അക്വിറ്റൻസ് എന്നിവയും ഓഡിറ്റ് വകുപ്പിനും അയതിന്മേലുള്ള റിപ്പോർട്ട് സമിതിക്കും നൽകണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു.

3.12.2 സമിതിയുടെ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെയും നഗരസഭയുടെയും ഈ സമീപനത്തെ സമിതി അപലപിക്കുകയും മേല്പറഞ്ഞ വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. പരാമർശവിധേയമായ മേല്പറഞ്ഞ ഓഡിറ്റ് ഖണ്ഡികയിൽ സർക്കാർ അനുമതിയോ നഗരസഭാ കൗൺസിൽ തീരുമാനമോ ഇല്ലാതെയാണ് പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടതെങ്കിൽ ആയിനത്തിലുണ്ടായ നഷ്ടം ഉത്തരവാദികളായ നഗരസഭാ ഉദ്യോഗസ്ഥരിൽ നിന്നും ഇടാക്കുവാനും സമിതി ശിപാർശചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.12.3 2000-01 കാലയളവിൽ ജനകീയാസൂത്രണപദ്ധതി പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ പരിചയസമ്പന്നരായ ജീവനക്കാരില്ലാത്തതിനാലാണ് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ദിവസക്കൂലിയടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരെ നിയോഗിച്ചിട്ടുള്ളത്. 2000-01 കാലയളവിൽ ബിൽ കളക്ടർമാരുടെ ഒഴിവുകൾ ഉള്ളതിനാൽ നഗരസഭ സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു. പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജീവനക്കാരെ കിട്ടാത്തത് കൊണ്ടാണ് ബിൽകളക്ടർമാരെ നിയോഗിച്ചിട്ടുള്ളത്.

2000-2001 കാലയളവിൽ ടൈപ്പിസ്റ്റ്/ക്ലാർക്കുമാരുടെ കുറവുണ്ടായിരുന്നതിനാൽ ജനകീയാസൂത്രണ പദ്ധതി പ്രോജക്ടുകൾ/എസ്റ്റിമേറ്റുകൾ എന്നിവ തയ്യാറാക്കുന്നതിന് വളരെ ബുദ്ധിമുട്ടിയ സാഹചര്യത്തിൽ പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ആവശ്യമുള്ള ജീവനക്കാരെ ലഭിക്കാത്തതിനാൽ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ദിവസക്കൂലി അടിസ്ഥാനത്തിൽ ടൈപ്പിസ്റ്റ്/ക്ലാർക്കുമാരെ നിയോഗിച്ചിട്ടുള്ളത്.

ടി കാലയളവിൽ കൊച്ചിനഗരസഭയിലെ വകുപ്പ് മേധാവികൾ അതത് വകുപ്പുകളിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് ദിവസക്കൂലിയടിസ്ഥാനത്തിൽ ജോലിയ്ക്ക് നിയോഗിച്ചിട്ടുള്ളത്. അന്ന് താൽക്കാലികമായി ദിവസക്കൂലി അടിസ്ഥാനത്തിൽ എടുത്ത ആൾക്കാരെ നഗരസഭയുടെ ആവശ്യം കഴിഞ്ഞ് ഒഴിവാക്കിയിട്ടുള്ളതാണ്. ടി ജീവനക്കാരെ ജോലിക്ക് വച്ചത് സംബന്ധിച്ച ഫയലുകളോ മറ്റു രേഖകളോ കൗൺസിൽ തീരുമാനമോ നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കുകയില്ല.

3.12.4 2000-2001 കാലയളവിൽ ബിൽകളക്ടർമാരുടെ ഒഴിവുകൾ ഉള്ളതിനാൽ നഗരസഭ സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു. പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജീവനക്കാരെ കിട്ടാത്തതു കൊണ്ടാണ്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.12.5 4-9-2015-ലെ കെ.എസ്.എ. - കെ.സി.സി. (എസ്3) 596/15, 30-11-16-ലെ കെ.എസ്.എ. - കെ.സി.സി. (എസ്8) 933/16 എന്നീ കത്തുകൾ മുഖേന ആവശ്യപ്പെട്ടെങ്കിലും, ബന്ധപ്പെട്ട രേഖകളും ഫയലുകളും ലഭ്യമാക്കാത്തതിനാൽ താത്കാലിക നിയമനം സംബന്ധിച്ച കൗൺസിൽ തീരുമാനം, നിയമനം നടത്തിയ തസ്തികകളുടെയും ജീവനക്കാരുടെയും വിവരം, നിയമന കാലാവധി, ശമ്പളം നല്കിയ അക്കൗണ്ട് ഹെഡ്, അക്വിറ്റൻസ് എന്നിവ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഖണ്ഡിക നമ്പർ 120, 121

ശിപാർശ

3.13.1 കൊച്ചി നഗരസഭ, സർക്കാർ ഉത്തരവ് പ്രകാരം ആംഡ്ഫോഴ്സിന്റെ ഫ്ളാഗ് ഡേയ്ക്ക് ജില്ലാ സൈനിക വെൽഫെയർ ഓഫീസിൽ യഥാർത്ഥത്തിൽ അടവാക്കാനുള്ള തുകയേക്കാൾ 65,968 രൂപ അധികം അടവാക്കിയതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക രണ്ട് ഗഡുക്കളായി ജില്ലാ സൈനികക്ഷേമ ഓഫീസിൽ നിന്നും തിരികെ ഈടാക്കിയതായി സർക്കാരിന്റെ രേഖാമൂലമുള്ള മറുപടിയിലും തെളിവെടുപ്പ് വേളയിലെ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിലും വ്യക്തമാക്കുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിനോ സമിതി മുമ്പാകെയോ ഹാജരാക്കപ്പെട്ടിട്ടില്ല. നഗരസഭാ ഫണ്ടിൽ നിന്നും അധികമായി ജില്ലാ സൈനിക ഓഫീസിൽ അടവാക്കിയ തുക ഓഡിറ്റിന്റെ കണ്ടെത്തലിനെത്തുടർന്ന് വർഷങ്ങൾക്കുശേഷമാണ് നഗരസഭയുടെ ഫണ്ടിലേക്ക് തിരിച്ചടയ്ക്കപ്പെട്ടിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ഇടവേളയിൽ നഗരസഭാഫണ്ടിന് അർഹമായ പലിശ, ജില്ലാ ക്ഷേമ ഓഫീസിൽ അധികംതുക ഒടുക്കിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു.

3.13.2 നഗരസഭ അധികമായി ഒടുക്കിയ തുക അഡ്ജസ്റ്റ് ചെയ്തതിന്റെയും ടി തുക ജില്ലാ സൈനിക ഓഫീസിന്റെ അധീനതയിലായിരുന്ന കാലയളവിലെ സാധാരണ പലിശ കണക്കാക്കി തദവസരത്തിലെ നഗരസഭാ ഫിനാൻസ് ഓഫീസർ സർവ്വീസിലുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ശമ്പളത്തിൽനിന്നോ അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടിയിലൂടെയോ ഈടാക്കിയതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ 7-12-2010-ലെ സമിതിയോഗം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ, പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ലെന്ന് 6-5-2011-ലെ കത്തു മുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. നഗരസഭയുടെ പ്രസ്തുത സമീപനത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടതിൽപ്രകാരമുള്ള മേല്പറഞ്ഞ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ ശിപാർശയും ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.13.3 7-12-2001 ഫ്ളാഗ്ഡേയിൽ ജില്ലാ സൈനിക വെൽഫെയർ ഓഫീസിൽ അടക്കേണ്ട യഥാർത്ഥ തുകയേക്കാൾ അധികമായി അടച്ച തുകയുടെ പലിശയിനത്തിൽ 25,454 രൂപ അടയ്ക്കണമെന്ന് അറിയിച്ച് അക്കാലത്തെ റവന്യൂ ഓഫീസറായിരുന്ന ശ്രീ. സി. കെ വിജയന് MOR5/29597/03 dtd.10-5-13-ൽ കത്ത് നൽകിയിരുന്നു. എന്നാൽ

തുക അടക്കാതെ ടിയാൻ മറുപടി മാത്രം സമർപ്പിക്കുകയാണ് ഉണ്ടായത്. ടി മറുപടി മേൽ നിർദ്ദേശത്തിനായി നഗരസഭ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയെങ്കിലും നിർദ്ദേശം ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതാണ്. ടിയാൻ MOR5/29597/2003 പ്രകാരം തുക ഒടുക്കുന്നതിനായി അറിയിപ്പ് നൽകിയിട്ടുള്ളതും ടിയാൻ പെൻഷനായതിനാൽ പെൻഷനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള ഉത്തരവിനായി ബഹു. നഗരകാര്യ ഡയറക്ടർ മുഖേന ഗവൺമെന്റ് സെക്രട്ടറിക്ക് 17-11-2014 -ൽ കത്ത് അയച്ചിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. എന്നിരുന്നാലും ടിയാന്റെ പെൻഷൻ തുകയിൽ നിന്നും ടി തുക ഗഡുക്കളായി ഈടാക്കി നൽകുന്നതിന് കോഴിക്കോട് നഗരസഭാ സെക്രട്ടറിക്ക് 17-12-2014 ന് കത്ത് അയച്ചിട്ടുള്ളതാണ്.

3.13.4 ജില്ലാ സൈനിക വെൽഫെയർ ഓഫീസിൽ കൂടുതലായി ഒടുക്കിയ തുകയുടെ പലിശ അന്നത്തെ റവന്യൂ ഓഫീസറായിരുന്ന ശ്രീ. സി. കെ വിജയൻ റിട്ടയർ ചെയ്തതിനാൽ ടിയാന്റെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിന് നിർവ്വാഹമില്ലാത്തതാണ്. അതിനാൽ തുക ടിയാന്റെ പെൻഷൻ തുകയിൽ നിന്നും ഈടാക്കുന്നതിന് കോഴിക്കോട് നഗരസഭാ സെക്രട്ടറിക്ക് 17-12-2014-ൽ കത്തയച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.13.5 7-5-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1630/2016 ത.സ്വ.ഭ.വ. പ്രകാരം, ശ്രീ സി. കെ വിജയന്റെ ബാധ്യതയായ 25,454 രൂപ എഴുതിത്തള്ളുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 130, 131, 132</u>

<u>ശിപാർശ</u>

3.14.1 കൊച്ചി നഗരസഭ അക്കൗണ്ടസ് വിഭാഗത്തിൽ റഗുലർ പെൻഷൻ, ഫാമിലി പെൻഷൻ, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിന് ചുമതലപ്പെട്ട ക്ലാർക്കുമാരുടെ ഭാഗത്തു നിന്നും ഗുരുതരമായ ക്രമക്കേടുകളും ധനദുർവിനിയോഗവും ഉണ്ടായിട്ടുള്ളതായി സമിതി വിലയിരുത്തുന്നു, 2004 ജൂൺ മാസത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയിൽ വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ 2002-2003, 2003-2004, 2004-2005 കാലയളവിലെ ഇത് സംബന്ധിച്ച കണക്കുകൾ ഓഡിറ്റ് വീണ്ടും വിശദമായി പരിശോധിച്ചപ്പോൾ റഗുലർ പെൻഷൻ വിതരണം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും 1,35,955 രൂപയുടേയും കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും 1,30,956 രൂപയുടെയും

ക്രമക്കേടുകൾ കണ്ടെത്തിയതായാണ് തെളിവെടുപ്പ് യോഗത്തിലെ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്നും സമിതി മനസിലാക്കുന്നത്. ഇവയിൽ ഒരു ഉദ്യോഗസ്ഥനിൽ നിന്നും മൂന്ന് ഗഡുക്കളായി മുഴുവൻ തുകയും ഈടാക്കിയെന്നും ഒരാൾ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാന്റെ ഡി. സി. ആർ. ജി. തുക മുഴുവനും ഈടാക്കിയെങ്കിലും ഇനിയും 8,872 രൂപ ഈടാക്കുവാനുണ്ടെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. തുടർച്ചയായുള്ള മൂന്ന് വർഷങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടും അവ കണ്ടെത്തുവാൻ മേലുദ്യോഗസ്ഥർക്കായില്ല എന്നത് സമിതി ഗൗരവമായി വീക്ഷിക്കുന്നു, മാത്രമല്ല, ലക്ഷക്കണക്കിന് തുകയുടെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടും കേവലം നഷ്ടപ്പെട്ട തുക മാത്രം തിരികെ ഈടാക്കിക്കൊണ്ട് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ ഒരാളെ സസ്പെന്റ് ചെയ്തതൊഴിച്ച് യാതൊരു ശിക്ഷാനടപടിയും സ്വീകരിക്കാത്തതും ക്രമവിരുദ്ധമായി കൈവശം വച്ച പണത്തിന് സാധാരണനിരക്കിൽപ്പോലും പലിശ ഈടാക്കാത്തതുമായ നഗരസഭയുടെ നടപടി സമിതിയെ അത്ഭുതപ്പെടുത്തുന്നു. ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടിയെടുക്കുവാൻ നഗരസഭാ സെക്രട്ടറിക്കും കൗൺസിലിനും അധികാരമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആരോപണവിധേയരായ മേല്പറഞ്ഞ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടി എടുക്കേണ്ടതില്ലെന്ന കൗൺസിൽ തീരുമാനം സംബന്ധിച്ച് വ്യക്തമായ ഉത്തരം നൽകുവാൻ നഗരസഭാ സെക്രട്ടറിക്കായില്ല. കൂടാതെ, ഓഡിറ്റ് റിപ്പോർട്ടിന് കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ ചട്ടം 14(3) പ്രകാരമല്ല മറുപടി നൽകിയിരിക്കുന്നതെന്ന ഓഡിറ്റിന്റെ കണ്ടെത്തലിനും ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിലിൽ വയ്ക്കുന്നതും ഈ ഓഡിറ്റ് റിപ്പോർട്ട് വെച്ചത് സംബന്ധിച്ചുമുള്ള സമിതിയുടെ ചോദ്യത്തിനും നഗരസഭാ സെക്രട്ടറിക്കോ ഫിനാൻസ് ഓഫീസർക്കോ വ്യക്തമായ മറുപടി പറയുവാൻ സാധിച്ചിട്ടില്ല.

3.14.2 ആയതിനാൽ, ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമായാലുടൻതന്നെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളിൽ വയ്ക്കുകയും ആയതിന്മേലുള്ള പരാമർശങ്ങൾ ഗൗരവപൂർവ്വം പരിശോധിച്ച് ഉചിതമായ മറുപടി യഥാസമയം നല്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3.14.3 പരാമർശവിധേയമായ മേൽസംഗതിയിൽ ഇനിയും ഈടാക്കുവാനുള്ള തുകയായ 8,872 രൂപയും ദുരുപയോഗം ചെയ്ത പണത്തിന് സാധാരണ നിരക്കിൽ പലിശയും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ 7-12-2010-ലെ സമിതി യോഗം ആവശ്യപ്പെട്ടിരുന്നെങ്കിലും നടപടി റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ സമിതി ആവശ്യപ്പെട്ട മേൽനടപടികൾ അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.14.4 നഗരസഭയിൽ റഗുലർ കണ്ടിജന്റ് വിഭാഗം പെൻഷൻ വിതരണം ചെയ്ത ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് ടി ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. തുടർന്ന് ടി വിഷയം കൗൺസിലിന് സമർപ്പിക്കുകയും 5-4-2006-ലെ 44-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഉചിതമായ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഗഡുക്കളായി തുക അടക്കുവാൻ അനുവദിക്കാനുള്ള അധികാരം നഗരസഭാ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം വാക്കാൽ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 10-4-2006-ലെ അന്നത്തെ നഗരസഭാ സെക്രട്ടറി 3 മാസത്തിനുള്ളിൽ 3 ഗഡുക്കളായി തുക അടപ്പിക്കുന്നതിന് ആദ്യ ഗഡു അടക്കുന്ന മുറയ്ക്ക് ടിയാന്റെ സസ്പെൻഷൻ പിൻവലിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷനിൽ ആയിരുന്ന ശ്രീ. മാർട്ടിൻ ആന്റണി 12-4-2006-ൽ ആദ്യ ഗഡു 45,319 രൂപ നഗരസഭാ ഫണ്ടിൽ 64/12-4-2006-ാം നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ നമ്പർ പി. ഡി. 8/7212/05 തീയതി 12-4-2006-ലെ ഉത്തരവ് പ്രകാരം സസ്പെൻഷൻ പിൻവലിച്ചിട്ടുള്ളതാണ്. തുടർന്ന് 31-5-2006-ൽ 45,318 രൂപയും 30-6-2006-ൽ 45,318 രൂപയും ഒടുക്കിയിട്ടുണ്ട്. ആയതിന്റെ പലിശ 24,471 രൂപ 27-11-2012-ൽ 202111618-ാം നമ്പർ രസീത് പ്രകാരം ഒടുക്ക വരുത്തിയിട്ടുള്ളതാണ്. 3 ഗഡുവും പലിശയും തിരികെ ഒടുക്കിയതിനെ തുടർന്ന് ശ്രീ. മാർട്ടിൻ ആന്റണിയുടെ സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി കണക്കാക്കി ഉത്തരവാക്കിയിട്ടുണ്ട്.

3.14.5 ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം ഭരണസമിതിയിൽ വെയ്ക്കുകയും ആയതിന്മേലുള്ള പരാമർശങ്ങളിൽ ഉചിതമായ മറുപടി നൽകുകയും ചെയ്യുന്നതാണ്.

3.14.6 ശ്രീ. പി. ജെ. മാത്യു കോട്ടയം നഗരസഭയിൽ നിന്ന് സർവ്വീസിൽ നിന്ന് പിരിഞ്ഞതിനാൽ അദ്ദേഹത്തിന്റെ ബാധ്യത തുകയായ 1,22,084 രൂപ ഡി.സി.ആർ.ജി യിൽ നിന്ന് (ഡി.ഡി.നമ്പർ 691764 തീയതി 22-9-2010) ഈടാക്കുകയും ബാക്കി തുകയായ 8,800 രൂപ കൊച്ചി നഗരസഭയിൽ ടിയാൻ നേരിട്ട് ഒടുക്കിയിട്ടുള്ളതുമാകുന്നു. ക്ലറിക്കൽ പിശകുമൂലം 8,872 രൂപ കുറവായി സ്വീകരിച്ചതിൽ ബന്ധപ്പെട്ട ക്ലാർക്കിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

ടി തുകയുടെ പലിശ 12% നിരക്കിൽ കണക്കാക്കി 10,986 രൂപ അടയ്ക്കണമെന്ന് ടിയാന് 18-7-2013-ൽ നിർദ്ദേശം നൽകിയിരുന്നു. ടി റിക്കവറിക്ക് എതിരായി ടിയാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പരാതിപ്പെടുകയും 7-3-2014-ലെ ഒ.എ.374/ 2014-ാം

നമ്പരായി ടി കേസിന്റെ അന്തിമ വിധിന്യായം ഉണ്ടായിട്ടുള്ളതുമാണ്. ആയതുപ്രകാരം ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ചുള്ള ബാധ്യതാ തുകയും, പലിശ സംമ്പന്ധിച്ച വ്യക്തമായ കണക്കുകളും, ശ്രീ. പി. ജെ. മാത്യുവിൽ നിന്നും നാളിതുവരെ ഈടാക്കിയ തുകയും, ബാക്കി അടക്കേണ്ട തുകയും വ്യക്തമാക്കികൊണ്ടുള്ള നടപടിക്രമം പുറപ്പെടുവിക്കുന്നതിനും അതുവരെ ടിയാനോട് ആവശ്യപ്പെട്ടിട്ടുള്ള 10,986 രൂപ ഈടാക്കുതെന്നും സ.ഉ. (സാധാ) നം. 2451/2014/ത.സ്വ.ഭ.വ.തീയതി: 20-9-2014-ാം നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതും, ആയത് 30-1-2015-ൽ ബഹു. സർക്കാർ, ബഹു. നഗരകാര്യ ഡയറക്ടർ, ശ്രീ പി. ജെ. മാത്യു എന്നിവർക്ക് അയച്ച് കൊടുത്തിട്ടുള്ളതുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.14.7 പെൻഷൻ വിതരണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് സെക്ഷനിലെ യു. ഡി. ക്ലാർക്കായ ശ്രീ മാർട്ടിൻ ആന്റണിയെ 31-3-2005-ലെ പി.ഡി.8/7212/05 നമ്പർ ഉത്തരവുപ്രകാരം സസ്പെന്റ് ചെയ്യുകയുണ്ടായി. 9-1-2006-ലെ ടിയാന്റെ അപേക്ഷ അനുസരിച്ച് നഷ്ടത്തുകയായ 1,35,965 രൂപ മൂന്ന് തവണകളായി അടയ്ക്കുന്നതിന് അനുവദിക്കുകയും നഷ്ടത്തുകയും പലിശയും തിരികെ ഒടുക്കിയതിനെ തുടർന്ന് ശ്രീ. മാർട്ടിൻ ആന്റണിയുടെ സസ്പെൻഷൻ കാലയളവ് പി.ഡി.8/7212/05 തീയതി 12-4-2006 പ്രകാരം അർഹതപ്പെട്ട അവധിയായി കണക്കാക്കി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ജീവനക്കാരനെ തിരികെ എടുത്തത് നഗരസഭാ സെക്രട്ടറിയുടെ നടപടി ക്രമത്തിലൂടെയാണ്. ടിയാളുടെ പേരിൽ യാതൊരു ശിക്ഷാനടപടിയും സ്വീകരിച്ചിട്ടില്ല.

3.14.8 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14 (3) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനുള്ളിൽ കൗൺസിലിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ വ്യക്തമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

3.14.9 ശ്രീ. പി. ജെ. മാത്യുവിൽ നിന്നും ഈടാക്കാനുള്ള തുകയായ 8,872 രൂപ ഈടാക്കിയിട്ടുണ്ട്. (രസീത് നം.1120110974 തീയതി 26-9-2012, രസീത് നം.11402108933, തീയതി 25-8-2014) ടിയാൻ ദുരുപയോഗം ചെയ്ത പണത്തിന് 12% നിരക്കിൽ പലിശ കണക്കാക്കി ആകെ 10,986 രൂപ ഈടാക്കുന്നതിന് ആർ. ആർ. നടപടികൾ സ്വീകരിക്കുന്നതിന് എം.ഒ/എ.3/21761/10 തീയതി 10-9-2015 കത്തുമുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തുക അടവാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല.

<u>സമിതി തീരുമാനം</u>

3.14.10 ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം ഭരണ സമിതിയിൽ വയ്ക്കുകയും ആയതിൻമേലുള്ള പരാമർശങ്ങളിൽ ഉചിതമായ മറുപടി നൽകുകയും ചെയ്യുന്നതാണെന്ന മറുപടി അംഗീകരിച്ചു.

3.14.11 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ശ്രീ. പി. ജെ. മാത്യുവിൽ നിന്നും ഈടാക്കാനുള്ള തുകയായ 8,872 രൂപ ഈടാക്കിയിട്ടുള്ളതിനാലും ടിയാൻ ദുരുപയോഗം ചെയ്ത പണത്തിന് 12% ശതമാനം നിരക്കിൽ പലിശ കണക്കാക്കി ആകെ 10,986 രൂപ അടയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് ഈടാക്കരുതെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും ഇത് സംബന്ധിച്ച തുടർനടപടി ഒഴിവാക്കാൻ തീരുമാനിച്ചു.

<u>ഖണ്ഡിക നമ്പർ 136</u>

<u>ശിപാർശ</u>

3.15.1 കൊച്ചി നഗരസഭാപ്രദേശത്ത് കൊതുക് നിവാരണത്തിന് ലാർവിസൈഡ് വാങ്ങിയപ്പോൾ സർച്ചാർജ്ജ്, ഇൻകം ടാക്സ് എന്നിവ കിഴിച്ച് യഥാർത്ഥത്തിൽ ബാക്കി നൽകേണ്ടിയിരുന്ന തുകയേക്കാൾ 2,36,801 രൂപ അധികം നൽകിയതായി സമിതിക്ക് ബോധ്യമായി. പ്രസ്തുത തുക നൽകിയത് ഓഡിറ്റ് തടസ്സം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ലാർവിസൈഡ് വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന സർക്കാർ നൽകിയ മറുപടിയിലും തെളിവെടുപ്പുവേളയിലെ വിശദീകരണത്തിലും വ്യക്തമാക്കപ്പെട്ടെങ്കിലും ആയതിനാധാരമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്നാണ് തെളിവെടുപ്പ് സമയത്ത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചത്. വിശദീകരണത്തിൽ പരാമർശിച്ചതിൻപ്രകാരം, അധികം നൽകിയ തുക തിരികെ ഈടാക്കിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിനെ കാണിച്ച് ബോധ്യപ്പെടുത്തുവാനും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും 7-12-2010-ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നു. സമിതിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതായും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നതായും 6-5-2011-ലെ റിപ്പോർട്ട് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ ഓഡിറ്റ് ഖണ്ഡികയിലെ തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.15.2 സമിതി ശിപാർശ പ്രകാരം കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ.എസ്. എ.കെ.സി. സി. (എസ്8) 689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 140

ശിപാർശ

3.16.1 നഗരസഭ വൈറ്റിലയിൽ പണികഴിപ്പിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാംനിലയിലെ നോർത്ത് ബ്ലോക്കിൽ 200 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന സ്ഥലം പാർട്ണർമാരായ മൂന്ന് വ്യക്തികളുടെ പേർക്ക് ടെൻഡറിലൂടെ 2-1-1995-ൽ വാടകയ്ക്ക് നൽകിയെങ്കിലും ടെൻഡർ നോട്ടീസിലെ വ്യവസ്ഥപ്രകാരം നഗരസഭ ചെയ്യേണ്ടിയിരുന്ന സ്ഥലം നിരപ്പാക്കൽ, വൈദ്യുതിബന്ധം സ്ഥാപിക്കൽ, വെള്ളം നൽകൽ എന്നീ പ്രവർത്തികൾ 1996 ഒക്ടോബറിൽ മാത്രമേ പൂർത്തിയാക്കിയുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. ടെൻഡർ വ്യവസ്ഥ അനുസരിച്ച് ടി പ്രവർത്തികൾ നഗരസഭ പൂർത്തിയാക്കി ആവശ്യപ്പെട്ടപ്പോൾത്തന്നെ ലേലംകൊണ്ട മുറി കക്ഷികൾ ഏറ്റെടുത്തിട്ടുള്ളതായി സർക്കാരിന്റെ വിശദീകരണത്തിൽനിന്നും ബോധ്യമാകുന്നു. ഓഡിറ്റ് തടസ്സം ഉന്നയിച്ച വാടകയിനത്തിലുള്ള 2,41,783 രൂപ ഒടുക്കുന്നതിന് നഗരസഭ നൽകിയ നോട്ടീസിന് നൽകിയ മറുപടിയിൽ ടെൻഡർ വ്യവസ്ഥപ്രകാരം ടി തുക അടയ്ക്കുവാൻ കക്ഷികൾ ബാധ്യസ്ഥരല്ലെന്ന് അറിയിച്ചിട്ടുള്ളതായും കക്ഷികളുടെ നിലപാട് ശരിയാണെന്നും ടെൻഡർ വ്യവസ്ഥപ്രകാരം കക്ഷികൾ പ്രവർത്തിച്ചിട്ടുള്ളതിനാൽ അവരിൽനിന്നും പ്രസ്തുത തുക ഈടാക്കുവാൻ സാധിക്കാത്ത സാഹചര്യമാണെന്നും ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നുമാണ് നഗരസഭയുടെ നിലപാട്. സർക്കാരിന്റെയും നഗരസഭയുടെയും വിശദീകരണത്തിന്റെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ ടെൻഡറിലെ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ടി ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.16.2 സമിതി ശിപാർശ പ്രകാരം കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ. എസ്. എ.കെ.സി.സി. (എസ്8) 689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 141

ശിപാർശ

3.17.1 പാർട്ട്ണർഷിപ്പ് ഒഴിഞ്ഞതിനുശേഷം കക്ഷികളിൽ ഒരാളുടെപേരിൽ കടമുറി മാറ്റണമെന്ന അപേക്ഷയിന്മേൽ 25% വാടക വർദ്ധനവോടെ മൂന്ന് വർഷത്തേക്ക് നല്കിയത് നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരമാണെന്നും കെട്ടിടലൈസൻസ് പേരുമാറ്റി

നല്കിയത് കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ 215-ാം വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്നും സമിതി മനസ്സിലാക്കുന്നു. കരാർ ഉടമ്പടി ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും കൂടിയാണ് നഗരസഭ ഈ തീരുമാനമെടുത്തതെന്ന് കാണുന്നതിനാൽ ഇക്കാര്യത്തിൽ നഗരസഭയുടെ നടപടിയിൽ അപാകതയുള്ളതായി കരുതുവാനാകില്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.17.2 പ്രത്യേക പരാമർശമില്ല.

<u>ഖണ്ഡിക നമ്പർ 146</u>

<u>ശിപാർശ</u>

3.18.1 നഗരസഭ സോണൽ ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരുന്ന, 2,160 രൂപ നിരക്കിലുള്ള വാടകകെട്ടിടം പഴക്കംചെന്ന് ജീർണ്ണാവസ്ഥയിലായി ഓഫീസിന്റെ പ്രവർത്തനം അസാധ്യമായ സന്ദർഭത്തിലാണ് രണ്ടുവർഷത്തേക്ക് ഒരു താൽക്കാലിക സംവിധാനം എന്ന നിലയ്ക്ക് പുതിയ വാടകകെട്ടിടത്തിലേക്ക് മാറിയതെന്നും ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് നഗരസഭ നികുതി ചുമത്താനായി കണക്കാക്കുന്ന ശരാശരി വാടക കണക്കാക്കിയാണ് വാടക നൽകിയിട്ടുള്ളതെന്നും നഗരസഭയുടെയും സർക്കാരിന്റെയും മറുപടിയിൽ വിശദീകരിക്കുന്നു. നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരമാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്ന് സമിതിക്ക് ബോധ്യമാകുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.18.2 സമിതി ശിപാർശ പ്രകാരം കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ. എസ്. എ.കെ.സി.സി.(എസ്8) 689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 149</u>

<u>ശിപാർശ</u>

3.19.1 ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടായിരുന്നതിനാലാണ് കെട്ടിടങ്ങളുടെ പ്ലാൻ പാസ്സാക്കാതിരുന്നതെന്നും 2003 സെപ്റ്റംബർ മാസം ഹൈക്കോടതിയുടെ

ഉത്തരവ് സുപ്രീംകോടതി റദ്ദാക്കിയതിനുശേഷം വാംബേ പദ്ധതിപ്രകാരം നിർമ്മിച്ച വീടുകൾക്ക് കോർപ്പറേഷൻ 'Occupancy Certificate' നൽകിയിട്ടുണ്ടെന്നും ഉള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.19.2 സമിതി ശിപാർശ പ്രകാരം കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ. എസ്. എ.കെ.സി.സി. (എസ്8) 689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 151</u>

<u>ശിപാർശ</u>

3.20.1 വാംബെ പദ്ധതിപ്രകാരം ആനുകൂല്യത്തിന് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ മാത്രമേ ആകാവൂ എന്ന് ഇത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളടങ്ങുന്ന 2002-ലെ സർക്കാർ ഉത്തരവിൽ വ്യക്തമായി പരാമർശിച്ചിട്ടില്ലെന്നും, പ്രസ്തുത നഗരപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും, വാസയോഗ്യമായ ഭവനങ്ങളില്ലാത്ത സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ ജനവിഭാഗങ്ങളെയാണ് ഗുണഭോക്താക്കളായി ലക്ഷ്യമിട്ടിട്ടുള്ളതെന്നും അതിന്റെ അടിസ്ഥാനത്തിലാണ് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ വാസയോഗ്യമായ വീടില്ലാത്തതുമായ കുടുംബാംഗങ്ങളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയതെന്നുമാണ് ഓഡിറ്റ് ഖണ്ഡികയ്ക്ക് നല്കിയ മറുപടിയിൽ നിന്നും വ്യക്തമാക്കുന്നത്. സർക്കാരിന്റെയും നഗരസഭയുടെയും വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.20.2 സമിതി ശിപാർശ പ്രകാരം കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ. എസ്. എ.കെ.സി.സി. (എസ്8) 689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 156</u>

<u>ശിപാർശ</u>

3.21.1 നഗരസഭയിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 2000-2001-ൽ ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷനാണ് ഹെൽത്ത്

കമ്മിറ്റിയുടെ ശിപാർശപ്രകാരവും കൗൺസിൽ തീരുമാനപ്രകാരവും നഗരസഭ അംഗീകരിച്ചതെന്ന് സമിതിക്ക് ലഭ്യമായ മറുപടിയിൽനിന്നും വ്യക്തമാകുന്നു. ക്വട്ടേഷൻ ഉറപ്പിക്കുന്നതിന് മുമ്പ് നടത്തിയ നെഗോസിയേഷനിൽ ക്വട്ടേഷൻ തുകയിൽ കുറവ് ആവശ്യപ്പെട്ടപ്പോൾ മുൻവർഷങ്ങളേക്കാൾ ഡീസൽ വിലയിൽ 35% വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും 20% വർദ്ധനവ് മാത്രമേ ക്വട്ടേഷൻ തുകയിൽ വരുത്തിയിട്ടുള്ളൂവെന്നും തുടർന്നുവരുന്ന മൂന്ന് വർഷത്തേക്ക് ഇതേ നിരക്കിൽത്തന്നെ വാഹനങ്ങൾ സപ്ലൈ ചെയ്യാമെന്നും കരാറുകാരൻ നിർദ്ദേശം വച്ചതായി സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഡീസൽ വിലവർദ്ധനവ് പരിഗണിക്കുമ്പോൾ 2000-2001-ലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ തുകയ്ക്ക് തന്നെ 2001-2002, 2002-2003 വർഷങ്ങളിലും വാഹനം സപ്ലൈ ചെയ്യാമെന്ന കരാറുകാരന്റെ ഓഫർ സ്വീകരിച്ച നഗരസഭയുടെ നടപടി ന്യായീകരിക്കത്തക്കതാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ, മാലിന്യം നീക്കം ചെയ്യുകയെന്നത് അത്യന്താപേക്ഷിതമായ കാര്യമാണെന്ന് സമിതിക്ക് ബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ കരാർ ഉറപ്പിച്ചുകൊണ്ടുള്ള നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കുവാൻ നഗരസഭാ സെക്രട്ടറിയോട് സമിതി ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.21.2 സമിതി ശിപാർശ പ്രകാരം കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ. എസ്. എ.കെ.സി.സി (എസ്8) 689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 159, 160, 161</u>

<u>ശിപാർശ</u>

3.22.1 നഗരസഭാപ്രദേശത്തെ ഖരമാലിന്യം നീക്കംചെയ്യുന്നതിന് നഗരസഭയും പോപ്പുലർ എൻവയോൺമെന്റ് മാനേജ്മെന്റ് സർവ്വീസ് എന്ന സ്ഥാപനവും ഒപ്പുവച്ച കരാറിലെ വ്യവസ്ഥപ്രകാരം 2000 ഫെബ്രുവരി 2-ാം തീയതിവരെ നഗരത്തിലെ ഖരമാലിന്യം നീക്കുവാനുള്ള ബാധ്യത പ്രസ്തുത സ്ഥാപനത്തിനുണ്ടായിരുന്നു. എന്നാൽ 1998 ഫെബ്രുവരി 24 വരെ മാത്രമേ ടി സ്ഥാപനം പ്രവർത്തിച്ചിട്ടുള്ളൂ. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവൃത്തിയിൽനിന്നും പിൻമാറിയ സ്ഥാപനത്തിന്റെ കണക്കനുസരിച്ച് പ്രവൃത്തിമൂല്യത്തിന്റെ ബാക്കി തുകയായ 1,08,40,737 രൂപയും സെക്യൂരിറ്റി

ഡെപ്പോസിറ്റായ 4 ലക്ഷം രൂപയും ചേർത്ത് ആകെ 1,12,40,737 രൂപയാണ് സ്ഥാപനത്തിന് കിട്ടേണ്ടതെന്നായിരുന്ന അവകാശവാദമെങ്കിൽ, നഗരസഭയുടെ പക്കൽ തദവസരത്തിൽ ഇത് സംബന്ധിച്ച് വ്യക്തമായ ഒരു കണക്കുമില്ലായിരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഭാരിച്ച ഒരു തുക അവകാശപ്പെട്ട് സ്ഥാപനമെത്തിയപ്പോൾ നടത്തിയ വിശദമായ പരിശോധനയിലാണ് 50,49,185 രൂപയാണ് നൽകേണ്ടതെന്ന് നഗരസഭയ്ക്ക് ബോധ്യപ്പെട്ടത്.

3.22.2 കരാർ വ്യവസ്ഥപ്രകാരം ആഴ്ചതോറും പ്രവൃത്തിമൂല്യം കണക്കാക്കി തുക നൽകാമായിരുന്ന എന്നിരിക്കെ ഇത്രയും ഭാരിച്ച ബാധ്യതയാകുന്നതുവരെ കാലതാമസം വരുത്തുകയും കോടതി വ്യവഹാരങ്ങളിലേക്ക് നയിച്ച് ആ ഇനത്തിൽ നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുകയും ചെയ്ത നഗരസഭയുടെ നടപടി ഉചിതമായില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്ഥാപനത്തിന് 67 ലക്ഷം രൂപ നൽകുവാനുള്ള കോടതിവിധിക്കെതിരെ അപ്പീൽ നൽകിയതിന്മേൽ അനുകൂലവിധി നേടി നഗരസഭയുടെ ബാധ്യത അമ്പത് ലക്ഷം രൂപയായി കുറയ്ക്കുവാൻ സാധിച്ചത് ആശ്വാസകരമായി എന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ, കരാർ വ്യവസ്ഥപ്രകാരം 2000 ഫെബ്രുവരി 2 വരെ പ്രവർത്തി നടത്തേണ്ടിയിരുന്ന സ്ഥാപനം 1998-ൽ ആയതിൽനിന്നും പിൻവാങ്ങിയതിന്റെ കാരണം സംബന്ധിച്ചോ കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ചോ യാതൊരു വ്യക്തതയുമില്ല.

3.22.3 ഈ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ച് ബോദ്ധ്യപ്പെടുത്തണമെന്ന് 7-12-2010-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു രേഖകളും റിപ്പോർട്ടും ഓഡിറ്റിനോ സമിതിക്കോ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, കരാർ വ്യവസ്ഥപ്രകാരം ആഴ്ചതോറും നൽകേണ്ടിയിരുന്ന തുക നൽകാതെ നഗരസഭയ്ക്ക് ഭാരിച്ച സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതിനും കോടതി വ്യവഹാരത്തിലൂടെ നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാക്കുന്നതിനും ഇടയാക്കിയതിന്റെയും കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് കരാറുകാരൻ പ്രവൃത്തിയിൽ നിന്നും പിൻവാങ്ങിയതിന്റെയും കാരണങ്ങളും കരാർ വ്യവസ്ഥ ലംഘിച്ചതിനുത്തരവാദി കരാറുകാരനാണെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.22.4 കൊച്ചി നഗരസഭയില ഖരമാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തി M/s Popular environment management services എന്ന സ്ഥാപനത്തിന് 1994 മുതൽ 1998 വരെ നഗരസഭയിലെ ചപ്പ്ചവർ നിർമ്മാർജ്ജനം ചെയ്യുന്നതിനായി കരാറിലേർപ്പെട്ടിരുന്നു.

3-2-1995-ൽ പ്രവൃത്തി ആരംഭിക്കുകയും 24-2-1998 വരെ പ്രവൃത്തി ചെയ്തിട്ടുള്ളതായും കാണുന്നു. നഗരസഭയുടെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം കരാറുകാരന് തുക കൊടുക്കാതെ വന്നതിനാൽ O.S.No.441/02 നമ്പരായി EKM സബ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബഹു. മേയറുടെ ചേംബറിൽ ചേർന്ന മീറ്റിങ്ങിൽ അതുവരെ ചെയ്ത പ്രവൃത്തിയുടെ സംയുക്ത പരിശോധന നടത്തി തുക കൊടുക്കാമെന്ന് തീരുമാനിക്കുകയും ചെയ്തുവെങ്കിലും ബിൽതുക കൊടുക്കാതെ കാലതാമസം വരുത്തിയതിനെ തുടർന്ന് ടി പ്രവൃത്തി ചെയ്യുന്നതിന് സാധിക്കുകയില്ല എന്ന് കരാറുകാരൻ അറിയിച്ചു. 15-12-2007-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ വിശദീകരണത്തിന്റെ കോപ്പി 30-4-2007-ൽ നഗരസഭാ സെക്രട്ടറി ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുണ്ട്. ഒറിജിനൽ ഫയൽ ലഭ്യമല്ലാത്തതിനാൽ കരാർ ലംഘനം നടത്തിയതിന് സ്വീകരിച്ച നടപടി റിപ്പോർട്ട് ചെയ്യാൻ സാധിച്ചിട്ടില്ല എന്ന വിവരവും അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.22.5 മറുപടിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിക്കുന്നതിനായി, 4-9-2015-ലെ കെ.എസ്.എ-കെ.സി.സി.(എസ്3)596/15, 30-11-2016-ലെ കെ.എസ്.എ. കെ.സി.സി.(എസ്8)933/16 എന്നീ കത്തുകൾ മുഖേന ആവശ്യപ്പെട്ടെങ്കിലും ബന്ധപ്പെട്ട ഫയലുകൾ നാളിതുവരെ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ കരാർ വ്യവസ്ഥ പ്രകാരം ആഴ്ചതോറും നൽകേണ്ടിയിരുന്ന തുക നൽകാതെ നഗരസഭയ്ക്ക് ഭാരിച്ച സാമ്പത്തികബാധ്യത ഉണ്ടാക്കുന്നതിനും കോടതി വ്യവഹാരത്തിലൂടെ നഗരസഭാ ഫണ്ടിന് നഷ്ടം ഉണ്ടാക്കുന്നതിനും ഇടയായതിന്റെയും, കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് കരാറുകാരൻ പ്രവൃത്തിയിൽ നിന്നും പിൻവാങ്ങിയതിന്റെയും കാരണങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. കരാർ വ്യവസ്ഥ ലംഘിച്ചതിന് ഉത്തരവാദി ആരാണെന്നും ഉത്തരവാദിയുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും പരിശോധിക്കാനും കഴിഞ്ഞിട്ടില്ല.

<u>സമിതി തീരുമാനം</u>

3.22.6 ടി വിഷയവുമായി ബന്ധപ്പെട്ട് M/s പോപ്പുലർ എൻവയോൺമെന്റ് മാനേജ്മെന്റ് സർവ്വീസസ് എന്ന സ്ഥാപനത്തിന് 67 ലക്ഷം രൂപ നൽകാനുള്ള കോടതി വിധിക്കെതിരെ അപ്പീൽ നൽകിയതിന്മേൽ അനുകൂല വിധി നേടി നഗരസഭയുടെ ബാദ്ധ്യത 50 ലക്ഷം രൂപയായി കുറയ്ക്കാൻ സാധിച്ചത് ആശ്വാസകരമായെന്ന് വിലയിരുത്തുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ഖണ്ഡിക നമ്പർ 167

ശിപാർശ

3.23.1 നഗരസഭയുടെ 31-ാം ഡിവിഷനിലെ 31 കടമുറികൾക്ക് ഓരോന്നിനും ആദ്യം നിശ്ചയിച്ച അർദ്ധവാർഷിക നികുതി നിരക്കായ 1,118 രൂപ പിന്നീട് 915 രൂപയായും തുടർന്ന് 600 രൂപയായും പുനർനിശ്ചയിച്ചതായി സമിതിയ്ക്ക് ബോദ്ധ്യമാകുന്നു. ആദ്യം നിശ്ചയിച്ച നികുതി നിരക്ക് പുനഃപരിശോധിക്കണമെന്ന റിവിഷൻ പെറ്റീഷൻ നഗരസഭ നിരസിച്ചതിനെതിരെ സമർപ്പിച്ച പരാതിയിന്മേൽ നികുതി നിശ്ചയിച്ചുകൊണ്ടുള്ള റവന്യൂ ഓഫീസറുടെ ഉത്തരവ് ബഹു. ഹൈക്കോടതി അസാധുവാക്കിയതായും കക്ഷിയെ നേരിട്ട് കേട്ടതിനുശേഷം തീരുമാനമെടുക്കുവാൻ നിർദ്ദേശിച്ചതായും ഇതിന്റെ അടിസ്ഥാനത്തിൽ കക്ഷിയെ നേരിൽ കേട്ടതിനുശേഷമാണ് നികുതി 915 രൂപയായി കുറച്ചതെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതിയ്ക്ക് വ്യക്തമാകുന്നു. ടി ഉത്തരവിനെതിരെ നഗരസഭാ ടാക്സേഷൻ ആന്റ് ഫൈനാൻസ് കമ്മിറ്റിയ്ക്ക് വീണ്ടും കക്ഷി സമർപ്പിച്ച അപേക്ഷയിന്മേൽ നടത്തിയ വിചാരണയുടെ വെളിച്ചത്തിലാണ് നികുതി നിരക്ക് 600 രൂപയായി കുറച്ചതെന്നും വെളിപ്പെടുത്തുന്നു. നഗരസഭ നിശ്ചയിക്കുന്ന നികുതി നിരക്കിന്മേലുള്ള ആക്ഷേപം പരിശോധിച്ച് യുക്തമെന്ന് കരുതുന്ന പക്ഷം കുറച്ച് കൊടുക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പരാമർശിത ഓഡിറ്റ് ഖണ്ഡികയിലെ വിഷയത്തിന്മേൽ നടപടിക്രമങ്ങൾ പാലിച്ചും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും നഗരസഭയുടെ അധികാരത്തിന്റെ പരിധിക്കുള്ളിൽ നിന്നുമാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും മറുപടികളിൽ നിന്ന് സമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവയ്ക്കാധാരമായ കോടതി ഉത്തരവ് ഓഡിറ്റിന് നൽകുവാൻ 7-12-2010 -ലെ യോഗത്തിൽ സമിതി ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത കോടതി ഉത്തരവ് ലഭ്യമാക്കിയിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ രേഖാമൂലം സമിതിയെ അറിയിച്ചതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.23.2 സമിതി ശിപാർശ ചെയ്ത പ്രകാരം, കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ.എസ്.എ.കെ.സി.സി.(എസ്8) 689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 168

ശിപാർശ

3.24.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണക്കുകളുടെ ഓഡിറ്റ് വേളയിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ചയാണ് മിക്ക ഓഡിറ്റ് പരാമർശങ്ങൾക്കും ഇടയാക്കുന്നതെന്ന് പരാമർശിത ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനാസമയത്ത് സമിതി മനസ്സിലാക്കുന്നു. സമിതി യോഗത്തിൽ നൽകിയ വിശദീകരണത്തിന് ആധാരമായ രേഖകൾ ഓഡിറ്റ് വേളയിൽതന്നെ നൽകിയിരുന്നുവെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കപ്പെട്ടുമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിനെ ഗൗരവമായി വീക്ഷിക്കണമെന്നും ഓഡിറ്റിനാവശ്യമായ രേഖകളും വിവരങ്ങളും യഥാസമയം നൽകി ഓഡിറ്റ് പരാമർശങ്ങൾ പരമാവധി ഒഴിവാക്കുവാൻ ജാഗ്രത പുലർത്തണമെന്നും സമിതി ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഭരണവകുപ്പ് പ്രത്യേക താല്പര്യമെടുത്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും അവ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.24.2 ഓഡിറ്റിനാവശ്യമായ രേഖകളും വിവരങ്ങളും ഓഡിറ്റ് വേളയിൽത്തന്നെ നൽകുവാൻ ശ്രദ്ധിക്കുന്നതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.24.3 പ്രത്യേക പരാമർശമില്ല.

ഖണ്ഡിക നമ്പർ 170

ശിപാർശ

3.25.1 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-2003, 2003-2004 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കൊച്ചി നഗരസഭയിൽ സർവ്വീസ് പെൻഷൻ, കുടുംബപെൻഷൻ എന്നിവ വിതരണം ചെയ്തതിൽ ആകെ 3,53,786 രൂപയുടെ ക്രമക്കേടുകൾ പരാമർശിച്ചിരുന്നു. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ, ക്രമക്കേടുകൾക്കുത്തരവാദികളായ ഉദ്യോഗസ്ഥനിൽ നിന്നും നാളിതുവരെയായി 1,35,955 രൂപ മാത്രമാണ് നഗരസഭ ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു. പരാമർശ വിധേയമായ കാലയളവിൽ കൊച്ചി നഗരസഭാ ജീവനക്കാരനായിരുന്ന വ്യക്തി കോട്ടയം നഗരസഭയിലേയ്ക്ക് സ്ഥലം മാറിപ്പോവുകയും പിന്നീട് സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തതായി സർക്കാർ മറുപടിയിൽ നിന്നും മനസ്സിലാക്കുന്നു. പ്രസ്തുത ഉദ്യോഗസ്ഥനിൽ

നിന്നും ഈടാക്കുവാനുള്ള ബാധ്യതാതുകയായ 1,30,956 രൂപ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് തടഞ്ഞ് വച്ചിട്ടുണ്ടെങ്കിലും ടി തുക കോട്ടയം നഗരസഭയിൽ നിന്നും കൊച്ചി നഗരസഭയിലേയ്ക്ക് ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. ആയതിനാൽ ടി ജീവനക്കാരനിൽ നിന്ന് തടഞ്ഞ്വയ്ക്കപ്പെട്ടിട്ടുള്ള പെൻഷൻ ആനുകൂല്യങ്ങളിൽനിന്ന് പ്രസ്തുത തുക ഈടാക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും ആയത് നാളിതുവരെ ഈടാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ഓഡിറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഗരസഭയ്ക്ക് ലഭിക്കുവാനുള്ള അവശേഷിക്കുന്ന തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.25.2 ശ്രീ. പി.ജെ. മാത്യു കോട്ടയം നഗരസഭയിൽ നിന്ന് സർവ്വീസിൽ നിന്ന് പിരിഞ്ഞതിനാൽ അദ്ദേഹത്തിന്റെ ബാധ്യത തുകയായ 1,22,084 രൂപ ഡി.സി.ആർ.ജി.യിൽ നിന്ന് (ഡി.ഡി. നമ്പർ 691764 തീയതി 22-9-2010) ഈടാക്കുകയും ബാക്കി തുകയായ 8,800 രൂപ കൊച്ചി നഗരസഭയിൽ ടിയാൻ നേരിട്ട് ഒടുക്കിയിട്ടുള്ളതുമാകുന്നു. ക്ലറിക്കൽ പിശകുമൂലം 72 രൂപ കുറവായി സ്വീകരിച്ചതിൽ ബന്ധപ്പെട്ട ക്ലർക്കിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

ടി തുകയുടെ പലിശ 12% നിരക്കിൽ കണക്കാക്കി 10,986 രൂപ അടയ്ക്കണമെന്ന് ടിയാന് 18-7-2013-ൽ നിർദ്ദേശം നൽകിയിരുന്നു. ടി റിക്കവറിയ്ക്ക് എതിരായി ടിയാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പരാതിപ്പെടുകയും 7-3-2014-ലെ ഒ.എ.374/2014-ാം നമ്പരായി ടി കേസിന്റെ അന്തിമ വിധി ന്യായം ഉണ്ടാക്കിയിട്ടുള്ളതുമാണ്. ആയതുപ്രകാരം ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ചുള്ള ബാധ്യതാ തുകയും, പലിശ സംബന്ധിച്ച വ്യക്തമായ കണക്കുകളും, ശ്രീ. പി.ജെ. മാത്യുവിൽ നിന്നും നാളിതുവരെ ഈടാക്കിയ തുകയും, ബാക്കി അടയ്ക്കേണ്ട തുകയും വ്യക്തമാക്കിക്കൊണ്ടുള്ള നടപടിക്രമം പുറപ്പെടുവിക്കുന്നതിനും അതുവരെ ടിയാനോട് ആവശ്യപ്പെട്ടിട്ടുള്ള 10,986 രൂപ ഈടാക്കരുതെന്നും സ.ഉ.(സാധാ)നം.2451/2014/ത.സ്വ.ഭ.വ. തീയതി: 20-9-2014-ാം നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതും ആയത് 30-1-2015-ൽ ബഹു.സർക്കാർ, ബഹു. നഗരകാര്യ ഡയറക്ടർ ശ്രീ. പി.ജെ. മാത്യു എന്നിവർക്ക് അയച്ചുകൊടുത്തിട്ടുള്ളതാണ്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.25.3 ശ്രീ. പി.ജെ. മാത്യുവിൽ നിന്നും ഈടാക്കാനവശേഷിച്ച തുകയായ 8,872 രൂപ ഈടാക്കിയിട്ടുണ്ട്. (രസീത് നം.1120110974 തീയതി 26-9-2012, രസീത് നം. 11402108933 തീയതി 25-8-2014) ടിയാൻ ദുരുപയോഗം ചെയ്ത പണത്തിന് 12%

നിരക്കിൽ പലിശ കണക്കാക്കി ആകെ 10,986 രൂപ ഈടാക്കുന്നതിന് ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതിന് എം.ഒ./എ 3/21761/10 തീയതി 10-9-2015 കത്ത് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തുക അടവാക്കിയതു സംബന്ധിച്ച വിവരം ലഭ്യമല്ല.

സമിതി തീരുമാനം

3.25.4 പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് ശ്രീ. പി.ജെ. മാത്യുവിൽ നിന്നും ഈടാക്കാനുള്ള തുകയായ 8,872 രൂപ ഈടാക്കിയിട്ടുള്ളതിനാലും ടിയാൻ ദുരുപയോഗം ചെയ്ത പണത്തിന് 12% നിരക്കിൽ പലിശ കണക്കാക്കി ആകെ 10,986 രൂപ അടയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് ഈടാക്കരുതെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

ഖണ്ഡിക നമ്പർ 175, 176

ശിപാർശ

3.26.1 കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയുള്ള നിയമനത്തിന് കാലതാമസം നേരിട്ടപ്പോൾ സ്ഥിരം തസ്തികകളിലെ ഒഴിവുകളിലേയ്ക്കാണ് ദിവസക്കൂലി വ്യവസ്ഥയിൽ നിയമനം നടത്തിയതെന്ന് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ വ്യക്തമാക്കിയ നഗരസഭാ അഡീഷണൽ സെക്രട്ടറി, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ടൈപ്പിസ്റ്റ്-ക്ലാർക്ക്, ബിൽകളക്ടർ തുടങ്ങിയ തസ്തികകളിൽ അല്ലാതെയും നിയമനം നടത്തിയിട്ടുള്ളതായി പറയുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ ഓഡിറ്റ് ഖണ്ഡികയിൽ തടസ്സപ്പെടുത്തിയിട്ടുള്ള 15,22,487 രൂപ ചെലവഴിച്ചിട്ടുള്ളത് 2003-2004 സാമ്പത്തിക വർഷത്തിലാണ്. എന്നാൽ, ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമില്ലെന്ന് വാദിച്ചുകൊണ്ട് ക്രമവിരുദ്ധമായ ഈ ചെലവിന് സർക്കാരിന്റെ 2006-ലെ ഒരു കത്തിനെ ഉദ്ധരിച്ചുകൊണ്ട് നഗരസഭ ന്യായീകരണം കണ്ടെത്തുവാൻ ശ്രമിക്കുന്നതായാണ് സമിതി കാണുന്നത്. ഇത്തരം നിയമനങ്ങൾക്ക് നഗരസഭാ കൗൺസിലിന്റെ തീരുമാനമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകുവാൻ സമിതി മുമ്പാകെ ഹാജരായ നഗരസഭയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക് കഴിഞ്ഞില്ല. ആയതിനാൽ, ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിനുള്ള നഗരസഭാ കൗൺസിലിന്റെ തീരുമാനം, നിയമനം നടത്തിയ തസ്തികകൾ, ജീവനക്കാരുടെ എണ്ണം, നിയമനകാലാവധി എന്നിവ സംബന്ധിച്ച

രേഖകളും 2003-04 സാമ്പത്തിക വർഷം ഇത്തരത്തിൽ നിയമിതരായ ജീവനക്കാരുടെ എണ്ണം, തസ്തികകൾ(Sanctioned Post & Others), കാലയളവ്, ശമ്പളം നൽകിയ അക്കൗണ്ട് ഹെഡ്, അക്വിറ്റൻസ് എന്നിവയും ഓഡിറ്റ് വകുപ്പിനും ആയതിന്മേലുള്ള റിപ്പോർട്ട് സമിതിയ്ക്കും നൽകണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു.

3.26.2 എന്നാൽ, സമിതിയുടെ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെയും നഗരസഭയുടെയും ഈ സമീപനത്തെ സമിതി അപലപിക്കുകയും മേൽപ്പറഞ്ഞ വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. പരാമർശവിധേയമായ മേൽപ്പറഞ്ഞ ഓഡിറ്റ് ഖണ്ഡികയിൽ സർക്കാർ അനുമതിയോ നഗരസഭാ കൗൺസിലിൽ തീരുമാനമോ ഇല്ലാതെയാണ് പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടതെങ്കിൽ ആ ഇനത്തിലുണ്ടായ തുക ഉത്തരവാദികളായ നഗരസഭാ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.26.3 2000-01 കാലയളവിൽ ജനകീയാസൂത്രണ പദ്ധതി പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പരിചയസമ്പന്നരായ ജീവനക്കാരില്ലാത്തതിനാൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ദിവസക്കൂലിയടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരെ നിയോഗിച്ചിട്ടുള്ളത്. 2000-01 കാലയളവിൽ ബിൽകളക്ടർമാരുടെ ഒഴിവുകൾ ഉള്ളതിനാൽ നഗരസഭ സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു. പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജീവനക്കാരെ കിട്ടാത്തതുകൊണ്ടാണ് ബിൽ കളക്ടർമാരെ നിയോഗിച്ചിട്ടുള്ളത്.

2000-01 കാലയളവിൽ ടൈപ്പിസ്റ്റ്/ക്ലാർക്കുമാരുടെ കുറവുണ്ടായിരുന്നതിനാൽ ജനകീയാസൂത്രണ പദ്ധതി പ്രോജക്ടുകൾ/എസ്റ്റിമേറ്റുകൾ എന്നിവ തയ്യാറാക്കുന്നതിന് വളരെ ബുദ്ധിമുട്ടിയ സാഹചര്യത്തിൽ പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ആവശ്യമുള്ള ജീവനക്കാരെ ലഭിക്കാത്തതിനാൽ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ദിവസക്കൂലി അടിസ്ഥാനത്തിൽ ടൈപ്പിസ്റ്റ്/ക്ലാർക്കുമാരെ നിയോഗിച്ചിട്ടുള്ളത്.

3.26.4 ടി കാലയളവിൽ കൊച്ചി നഗരസഭയിലെ വകുപ്പ് മേധാവികൾ അതത് വകുപ്പിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലിയ്ക്ക് നിയോഗിച്ചിട്ടുള്ളത്.

3.26.5 അന്ന് താൽക്കാലികമായി ദിവസക്കൂലിയടിസ്ഥാനത്തിൽ എടുത്ത ആൾക്കാരെ നഗരസഭയുടെ ആവശ്യം കഴിഞ്ഞ് ഒഴിവാക്കിയിട്ടുള്ളതാണ്. ടി ജീവനക്കാരെ ജോലിക്ക് വച്ചത് സംബന്ധിച്ച ഫയലുകളോ മറ്റ് രേഖകളോ കൗൺസിൽ തീരുമാനമോ നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കുകയില്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.26.6 താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നഗരസഭാ കൗൺസിലിന്റെ തീരുമാനം, നിയമനം നടത്തിയ തസ്തികകൾ, ജീവനക്കാരുടെ എണ്ണം, നിയമന കാലാവധി, ശമ്പളം നൽകിയ അക്കൗണ്ട് ഹെഡ്, അക്വിറ്റൻസ് എന്നിവ പരിശോധിക്കാൻ ആവശ്യമായ ഫയലുകളോ മറ്റ് അനുബന്ധ രേഖകളോ കൗൺസിൽ തീരുമാനമോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

<u>സമിതി തീരുമാനം</u>

3.26.7 പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് താൽക്കാലികമായി ദിവസക്കൂലി അടിസ്ഥാനത്തിലെടുത്ത ജീവനക്കാരെ നഗരസഭയുടെ ആവശ്യം കഴിഞ്ഞ് ഒഴിവാക്കിയിട്ടുള്ളതിനാലും ടി ജീവനക്കാരെ ജോലിക്ക് നിയമിച്ചത് സംബന്ധിച്ച ഫയലുകളോ മറ്റ് രേഖകളോ കൗൺസിൽ തീരുമാനമോ നാളിതുവരെ കണ്ടെത്താൻ കഴിയാത്തതിനാലും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കുകയില്ലെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>ഖണ്ഡിക നമ്പർ 184, 185, 186</u>

<u>ശിപാർശ</u>

3.27.1 കൊച്ചി നഗരസഭ 1995-96-ൽ സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ അപകടമരണ ഇൻഷ്വറൻസ് പദ്ധതിയ്ക്കായി 7 ലക്ഷം രൂപ ചെലവഴിക്കുകയും ഓഡിറ്റ് തടസ്സം ഉന്നയിച്ച പശ്ചാത്തലത്തിൽ ടി ചെലവിന് സർക്കാരിന്റെ സാധൂകരണം തേടുകയും ചെയ്ത സന്ദർഭത്തിൽ നഗരസഭ ഇൻഷ്വറൻസ് പദ്ധതിയ്ക്കായി ചെലവാക്കിയ തുകയ്ക്ക് സാധൂകരണം നൽകിയെങ്കിലും മേലിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ ഇത്തരം നടപടികൾ സ്വീകരിക്കുവാൻ പാടില്ലെന്ന് 17-10-2000-ലെ ഉത്തരവ് മുഖേന അറിയിച്ചിരുന്നതായി സമിതിയ്ക്ക് ബോധ്യപ്പെടുന്നു. എന്നാൽ, പ്രസ്തുത ഉത്തരവിന് വിരുദ്ധമായി കൗൺസിൽ തീരുമാനപ്രകാരം സർക്കാർ അനുമതി ഇല്ലാതെ 18-8-2003-ൽ അപകടമരണ ഇൻഷ്വറൻസ് പദ്ധതിയ്ക്കായി 35,70,531 രൂപ വീണ്ടും ചെലവഴിച്ചിരിക്കുന്നു. ഇൻഷ്വറൻസ് പദ്ധതിയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ തുക ചെലവഴിക്കുന്നത് വിലക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിനുശേഷവും നാലുപ്രാവശ്യമായി

77 ലക്ഷം രൂപ നഗരസഭ ചെലവഴിച്ചിട്ടുള്ളതായി കാണുന്നുവെന്ന് 7-12-2010-ലെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിക്കുകയുണ്ടായി. നഗരസഭാ കൗൺസിൽ തീരുമാനപ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്ന് നിരീക്ഷിക്കുന്നതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി പണം ചെലവാക്കിയതിന് നഗരസഭാ കൗൺസിലർമാർ ഉത്തരവാദികളാണെന്ന് സമിതി വിലയിരുത്തുന്നു. അപകടമരണ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച സർക്കാർ ഉത്തരവ് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട ഉത്തരവാദിത്വം നഗരസഭാ സെക്രട്ടറിയ്ക്കുണ്ട്. മാത്രമല്ല സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി കൗൺസിൽ തീരുമാനമെടുക്കുന്ന പക്ഷം ബന്ധപ്പെട്ട ഫയലിൽ വിയോജനക്കുറിപ്പ് എഴുതേണ്ട ബാധ്യതയും സെക്രട്ടറിയ്ക്കുണ്ട്. എന്നാൽ, ഇക്കാര്യത്തിൽ അത്തരമൊരു നടപടി സ്വീകരിച്ചതായി യാതൊരു രേഖയും കാൺമാനില്ല എന്നാണ് നഗരസഭാ സെക്രട്ടറിയും ഫിനാൻസ് ഓഫീസറും സമിതിയ്ക്ക് മുമ്പാകെ വെളിപ്പെടുത്തിയത്. ഇൻഷ്വറൻസ് പദ്ധതിയ്ക്കായി 77 ലക്ഷം രൂപ ചെലവഴിച്ചിട്ട് ആയതിന്റെ ഗുണഫലം ലഭ്യമായതുമായ യാതൊരു രേഖകളും ഫയലിൽ കാണുന്നില്ലായെന്നും പദ്ധതി ആനുകൂല്യത്തിന് ആകെ കിട്ടിയ രണ്ട് അപേക്ഷകളും നിരസിച്ചിട്ടുള്ളതായി മാത്രമാണ് കാണുന്നതെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതി മുമ്പാകെ അറിയിച്ചിരിക്കുന്നു.

3.27.2 ഈ സാഹചര്യത്തിൽ, അപകട മരണ ഇൻഷ്വറൻസ് പദ്ധതിയ്ക്കായി സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലഴിച്ച തുക പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച കൗൺസിലർമാരിൽ നിന്നും ഈടാക്കുന്നതോടൊപ്പം ഈടാക്കാതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ അന്നത്തെ നഗരസഭാ സെക്രട്ടറിയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി പതിനഞ്ചു ദിവസത്തിനകം റിപ്പോർട്ട് ചെയ്യുവാൻ 7-12-2010-ൽ ചേർന്ന സമിതിയോഗം നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെടുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-5-2011-ലെ റിപ്പോർട്ട് പ്രകാരം 22-2-2011-ന് മാത്രമാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതെന്നും സമിതി നിർദ്ദേശത്തിന്മേൽ സമയബന്ധിതമായുള്ള നടപടിയോ തുടർനടപടിയോ സ്വീകരിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3.27.3 ആയതിനാൽ അപകടമരണ ഇൻഷ്വറൻസ് പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ നടപ്പിലാക്കരുതെന്ന 17-10-2000-ലെ സർക്കാർ ഉത്തരവിന് ശേഷം നഗരസഭ ഏറ്റെടുത്ത ഇൻഷ്വറൻസ് പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നതിനും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 35,70,531 രൂപ പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുത്ത വേളയിലെ നഗരസഭ

കൗൺസിൽ യോഗത്തിൽ ഹാജരായിരുന്ന കൗൺസിൽ അംഗങ്ങളിൽ നിന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.27.4 17-10-2000 ൽ ഗവൺമെന്റ് ഉത്തരവിനുശേഷം ആകെ 77 ലക്ഷം രൂപ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും 20-ാമത് റിപ്പോർട്ടിലെ 186-ാം ഖണ്ഡികയിൽ 35,70,531 രൂപ തിരിച്ച് പിടിക്കണമെന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നതിനാൽ ടി തുക തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച് മാത്രമാണ് ബഹു. കൗൺസിലിലേയ്ക്ക് അജണ്ട സമർപ്പിച്ചിട്ടുള്ളത്. ആയതിൻ പ്രകാരം 35,70,531 രൂപ അനുവദിക്കുന്നതിന് തീരുമാനമെടുത്ത വേളയിലെ കൗൺസിലിൽ ഹാജരായിരുന്ന കൗൺസിൽ അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ടി നോട്ടീസിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ 5-11-2014-ലെ കൗൺസിലിന്റെ 1(സി), 1(ഡി) തീരുമാനങ്ങൾ പ്രകാരം അപകടമരണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ കൗൺസിലിന്റെ നടപടിക്ക് മുൻകാല പ്രാബല്യത്തോടെ അംഗീകാരം നൽകണമെന്ന് പ്രമേയത്തിലൂടെ ഐകകണ്ഠേന അംഗീകരിച്ച് 14-11-2014-ൽ ബഹു. സർക്കാരിലേയ്ക്ക് അയച്ചിട്ടുള്ളതാണ്.

3.27.5 സംസ്ഥാന സർക്കാരിന്റെ അനുമതി ഇല്ലാതെ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്ത യോഗത്തിൽ ഹാജരായിരുന്ന അംഗങ്ങളിൽ നിന്നും അന്നത്തെ സെക്രട്ടറിയിൽ നിന്നും തുക തുല്യമായി ഈടാക്കുന്നതിന് നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശ കൗൺസിലിന്റെ 30-10-2013-ലെ 67-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് നടപ്പിലാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

ആയതുപ്രകാരം 21-10-2014-ൽ ബന്ധപ്പെട്ട എല്ലാ അംഗങ്ങൾക്കും സെക്രട്ടറിക്കും നോട്ടീസ് നൽകിയിട്ടുള്ളതാണ്. ടി നോട്ടീസിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ 5-11-2014-ലെ കൗൺസിലിന്റെ 1(സി), 1(ഡി) തീരുമാനങ്ങൾ പ്രകാരം അപകടമരണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ കൗൺസിലിന്റെ നടപടിയ്ക്ക് മുൻകാല പ്രാബല്യത്തോടെ അംഗീകാരം നൽകണമെന്ന് പ്രമേയത്തിലൂടെ ഐകകണ്ഠേന അംഗീകരിച്ച് 14-11-2014-ൽ ബഹു. സർക്കാരിലേയ്ക്ക് അയച്ചിട്ടുള്ളതാണ്.

3.27.6 17-10-2000-ലെ സർക്കാർ ഉത്തരവിന് ശേഷം ചെലവാക്കിയ തുകയും വിശദീകരണങ്ങൾ ചുവടെ ഉൾപ്പെടുത്തിയിരിക്കുന്നു.

| Payment Date | Name of Payee | Cheque No. | Amount |
|---|---|---|---|
| 30-4-2001 | Oriental Insurance Company Limited | 950745 | 13,20,312 |
| 6-6-2002 | Oriental Insurance Company Limited | 15833 | 26,94,515 |
| 22-6-2002 | Oriental Insurance Company Limited | 53652 | 1,28,430 |
| 13-8-2003 | Oriental Insurance Company Limited | 9121 | 35,70,531 |
| | | **Total** | **77,13,788** |

സെക്രട്ടറി, കൗൺസിലർമാർ എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ടി നോട്ടീസിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ 5-11-2014-ലെ കൗൺസിലിന്റെ 1(സി), 1(ഡി) തീരുമാനങ്ങൾ പ്രകാരം അപകടമരണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ കൗൺസിലിന്റെ നടപടിയ്ക്ക് മുൻകാല പ്രാബല്യത്തോടെ അംഗീകാരം നൽകണമെന്ന് പ്രമേയത്തിലൂടെ ഐകകണ്ഠേന അംഗീകരിച്ച് 14-11-2014-ൽ ബഹു. സർക്കാരിലേയ്ക്ക് അയച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്.</u>

3.27.7 23-12-2015-ലെ സർക്കാർ ഉത്തരവ് (സാധാ)നം.3850/15/ത.സ്വ.ഭ.വ. പ്രകാരം ഓഡിറ്റ് പരാമർശപ്രകാരമുള്ള 35,70,531 രൂപയുൾപ്പെടെ ആകെ 95,84,804 രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 192</u>

<u>ശിപാർശ</u>

3.28.1 കൊച്ചി നഗരസഭയുടെ വെള്ളക്കെട്ട് നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിന് സമീപത്തുള്ള വെള്ളക്കെട്ട് നിർമ്മാർജ്ജനത്തിന് 10 H.P മോട്ടോർ 125 കെ.വി. ജനറേറ്റർ ഉപയോഗിച്ച് പ്രവർത്തിപ്പിച്ചതിന്റെ പ്രതിദിന നിരക്ക് 6,747 രൂപയായിരുന്നുവെന്നും ഇതിൽ ജനറേറ്റർ, മോട്ടോർ, ലേബർ എന്നിവയെല്ലാം അടങ്ങുന്നുവെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള 1,500 രൂപ നിരക്കിൽ ലഭ്യമാകുന്ന ജനറേറ്റർ ഉപയോഗിച്ച് 10 HP മോട്ടോർ പ്രവർത്തിപ്പിക്കാനാവില്ലെന്നും പ്രവൃത്തിക്കാണ് ക്വട്ടേഷൻ നൽകിയിട്ടുള്ളതെന്നും ആയതിനാൽ ഡി.എൽ.ആർ. തയ്യാറാക്കലിന്റെ ആവശ്യമുണ്ടായിരുന്നില്ലെന്നും സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. നഗരസഭാ സെക്രട്ടറി നൽകിയ വിശദീകരണം ന്യായയുക്തമായി കരുതാമെങ്കിലും ആയതിനാധാരമായ യാതൊരു രേഖയും ഓഡിറ്റിനോ സമിതി മുമ്പാകെയോ സമർപ്പിക്കുകയുണ്ടായില്ല. ഈ വിഷയം സംബന്ധിച്ച ഫയലുകളും മറ്റു രേഖകളും പതിനഞ്ച് ദിവസത്തിനകം ഓഡിറ്റിന് സമർപ്പിക്കുവാൻ 7-12-2010-ലെ സമിതിയോഗം നഗരസഭാ സെക്രട്ടറിയോടാവശ്യപ്പെട്ടുവെങ്കിലും നിർദ്ദിഷ്ട സമയത്തിനുള്ളിൽ അവ ലഭ്യമാക്കിയിട്ടില്ലെന്നും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമാണ് അടിയന്തരപ്രാധാന്യത്തോടെ വെള്ളക്കെട്ട് നിയന്ത്രണ പ്രവർത്തനം ഏറ്റെടുത്തതെന്നും, നഗരസഭ പ്രവൃത്തി നേരിട്ട് ചെയ്യാതിരുന്നതിനാലും, പുറത്തുള്ള ഏജൻസി പ്രവൃത്തി പൂർണ്ണമായും ചെയ്തതിനാലുമാണ് ഡി.എൽ.ആർ. എഴുതാതിരുന്നത് എന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചിരിക്കുന്നു. ബഹു. കേരള ഹൈക്കോടതിയുടെ ജഡ്ജ്മെന്റിന്റെ പകർപ്പും ഓഡിറ്റിന് ഹാജരാക്കിയതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.28.2 സമിതി ശിപാർശ പ്രകാരം, കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ.എസ്.എ.കെ.സി.സി.(എസ്8)689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 198

ശിപാർശ

3.29.1 കൊച്ചി നഗരസഭയുടെ ചേരാനല്ലൂർ, വെല്ലിംഗ്ടൺ എന്നിവിടങ്ങളിലെ ഗാർബേജ് ഡംപിംഗ് ഗ്രൗണ്ടിൽ നിക്ഷേപിക്കപ്പെട്ട ചപ്പു ചവറുകൾക്ക് മീതെ 15 മുതൽ 20 വരെ സെ.മീ. കനത്തിൽ ചുവന്ന മണ്ണ് വിരിച്ചത് പ്രദേശവാസികളുമായും നാവിക ഉദ്യോഗസ്ഥരുമായും നഗരസഭ നടത്തിയ ചർച്ചയിലെ ധാരണയുടെ അടിസ്ഥാനത്തിലാണെന്നും ലോറി സുഗമമായി പോകുന്നതിനാണ് ക്വാറി ഡസ്റ്റ് വിതറിയെന്നുമുള്ള നഗരസഭയുടെ വിശദീകരണം പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്.

3.28.3 സമിതി ശിപാർശ പ്രകാരം, കൊച്ചി കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കെ.എസ്.എ.കെ.സി.സി.(എസ്8)689/17 തീയതി 6-11-2017 നമ്പർ ഉത്തരവിലൂടെ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 202

ശിപാർശ

3.29.1 ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സെന്റ് ബെനഡിക്ട് റോഡിന്റെ തെക്കുവശത്തുള്ള കാന നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും കിട്ടിയിട്ടുണ്ടെന്നും പഴയ കാന പൂർണ്ണമായും പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലായിരുന്നതിനാലാണ് ആയത് പൊളിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്താത്തതെന്നുമാണ് നഗരസഭ സെക്രട്ടറി നൽകിയ വിശദീകരണം. പ്രവൃത്തി സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമായിരുന്നുവെന്ന് സമിതി നിരീക്ഷിച്ചു. കാന പുതുക്കി നിർമ്മിക്കുവാനുള്ള ഭരണാനുമതിയുടെയും സാങ്കേതികാനുമതിയുടെയും രേഖകളും പ്രവൃത്തി സംബന്ധിച്ച വിശദമായ വിവരങ്ങളും ഓഡിറ്റിന് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ, പ്രസ്തുത വിവരങ്ങൾ അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കി മറുപടി സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.29.2 ഫയൽ കണ്ടെത്തുന്നതിന് ഇപ്പോഴും ശ്രമം തുടരുന്നു. ടി ഫയലിന്റെ ഫോട്ടോകോപ്പിയും M ബുക്കും കണ്ടെത്തുകയുണ്ടായി. ആയത് പരിശോധിച്ചതിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്.

3.29.3 അളവ് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ M ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഫയലിന്റെ ഫോട്ടോകോപ്പിയും M ബുക്കും ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുണ്ട്. മേൽ യാഥാർത്ഥ്യങ്ങൾ ബോധ്യപ്പെട്ട് തുടർ നടപടികളിൽ നിന്ന് ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്.

3.29.4 ഒറിജിനൽ ഫയൽ ഇതുവരെയും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഫയലിന്റെ ഫോട്ടോകോപ്പിയും M ബുക്കും ഹാജരാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ 24-9-2002-ൽ തീരുമാനം നം.78 ആയി ഭരണാനുമതിയും എസ്റ്റിമേറ്റ് നിരക്കിൽ നിന്നും

2% താഴെയുള്ള നിരക്കിന് ടെണ്ടർ അംഗീകാരവും ലഭിച്ചിട്ടുണ്ട്. എന്നാൽ 17-5-2002-ൽ 98,400 രൂപയ്ക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫയലിൽ അതിന്റെ പകർപ്പ് ഇല്ല. ആയതിനാൽ സാങ്കേതികാനുമതി ലഭിച്ചതിന്റെ സാധുത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## സമിതി തീരുമാനം

3.29.5 പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയലിന്റെ ഫോട്ടോകോപ്പിയും M ബുക്കും ഹാജരാക്കിയിട്ടുണ്ടെന്നും ആയത് പരിശോധിച്ചതിൽ ഭരണാനുമതിയും ടെണ്ടർ അംഗീകാരവും ലഭിച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടി അംഗീകരിച്ചു.

## ഖണ്ഡിക നമ്പർ 203

## ശിപാർശ

3.30.1 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നഗരസഭ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 14(3) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് മുനിസിപ്പാലിറ്റിയ്ക്ക് ലഭിച്ച് ഒരു മാസത്തിനുള്ളിൽ കൗൺസിലിന്റെ പ്രത്യേക യോഗം റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും റിപ്പോർട്ടിലെ പ്രസക്ത പരാമർശങ്ങളിന്മേൽ വ്യക്തമായ തീരുമാനമെടുക്കേണ്ടതുമാണ്. എന്നാൽ, ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ ഭൂരിഭാഗം നഗരസഭകളും പാലിക്കുന്നില്ല എന്നതാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പരിശോധനാവേളയിൽ വെളിപ്പെടുത്തുന്നതെന്ന് റിപ്പോർട്ട് ചെയ്യുന്നു. ഈ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കൊച്ചി നഗരസഭയുടെ ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള മറുപടികൾ ലഭ്യമാക്കിയിരിക്കുന്നതും മേൽപ്പറഞ്ഞ ചട്ടങ്ങൾ പാലിച്ചുകൊണ്ടല്ലെന്ന് സമിതി മനസ്സിലാക്കുന്നു. നഗരസഭകളുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്ന ഈ വീഴ്ച സമിതി അതീവഗൗരവത്തോടെ വീക്ഷിക്കുകയും അടിയന്തരനടപടി ആവശ്യപ്പെടുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ അടിയന്തരശ്രദ്ധ അനിവാര്യമാണെന്നും നഗരസഭകൾ പൊതുപ്പണം ചെലവഴിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും ഓഡിറ്റിനും നിയമസഭാ സമിതിക്കും യഥാസമയം സമർപ്പിക്കുന്നതിലും വീഴ്ച വരുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ആവശ്യപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.30.2 നിലവിൽ കൊച്ചി നഗരസഭ ഓഡിറ്റ് റിപ്പോർട്ടുകൾ നഗരസഭാ കൗൺസിലിന്റെ മുൻപാകെ യഥാസമയം സമർപ്പിക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്.</u>

3.30.3 പ്രത്യേക പരാമർശമില്ല.

## അദ്ധ്യായം IV

## സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ നാളിതുവരെ മറുപടി സമർപ്പിക്കാത്തതും സമിതി ആവർത്തിക്കുന്നതുമായ ശിപാർശകൾ

<u>ഖണ്ഡിക നമ്പർ 99</u>

<u>ശിപാർശ</u>

4.1 നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള വ്യവസ്ഥയുള്ളപ്പോൾ തന്നെയാണ് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ നഗരസഭാ സർവ്വീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കുവാൻ പാടില്ല എന്ന് മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട് എന്ന ഒറ്റക്കാരണത്താൽ സർക്കാരിന്റെ അനുമതി കൂടാതെ സ്വേച്ഛാപ്രകാരം തസ്തിക സൃഷ്ടിക്കുവാനുള്ള അധികാരം കൗൺസിലിന് നൽകിയിട്ടുള്ളതായി വ്യാഖ്യാനിക്കുവാനാവില്ല. ആയതിനാൽ, നഗരസഭകൾ സർക്കാരിന്റെ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരം പ്രവണത ഏതെങ്കിലും നഗരസഭകൾ അനുവർത്തിക്കുന്നുണ്ടെങ്കിൽ ആയത് നിർത്തി വയ്ക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. കൂടാതെ, സർക്കാരിന്റെ അനുമതി ഇല്ലാതെ നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ ഭരണവകുപ്പും ധനകാര്യ വകുപ്പും സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ഖണ്ഡിക നമ്പർ 177</u>

<u>ശിപാർശ</u>

4.2 നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള വ്യവസ്ഥയുള്ളപ്പോൾ തന്നെയാണ് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ നഗരസഭാ സർവ്വീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കുവാൻ പാടില്ല എന്ന് മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ

ചെയ്തിട്ടുള്ളത്. നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട് എന്ന ഒറ്റക്കാരണത്താൽ, സർക്കാരിന്റെ അനുമതി കൂടാതെ സ്വേച്ഛാപ്രകാരം തസ്തിക സൃഷ്ടിക്കുവാനുള്ള അധികാരം കൗൺസിലിനു നൽകിയിട്ടുള്ളതായി വ്യാഖ്യാനിക്കുവാനാവില്ല. ആയതിനാൽ, നഗരസഭകൾ സർക്കാരിന്റെ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരം പ്രവണത ഏതെങ്കിലും നഗരസഭകൾ അനുവർത്തിക്കുന്നുണ്ടെങ്കിൽ ആയത്, നിർത്തിവയ്ക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. കൂടാതെ, സർക്കാരിന്റെ അനുമതി ഇല്ലാതെ നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ ഭരണവകുപ്പും ധനകാര്യവകുപ്പും സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2021 നവംബർ 09

**ടി. പി. രാമകൃഷ്ണൻ,**
*അദ്ധ്യക്ഷൻ*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി*

<u>അനുബന്ധം I</u>

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2.1.8 | തദ്ദേശസ്വയംഭരണം | എറണാകുളം ശിവക്ഷേത്ര സമിതിയ്ക്ക് പലിശ അഡ്ജസ്റ്റ് ചെയ്ത് നൽകിയ നടപടിയിന്മേൽ സർക്കാർ തീരുമാനത്തിനനുസരിച്ച് തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.6 | തദ്ദേശസ്വയംഭരണം | കരാറുകാർക്കെതിരായുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു. |
| 3 | 2.3.6 | തദ്ദേശസ്വയംഭരണം | കോടതിയുടെ അന്തിമ വിധിക്കനുസൃതമായി തുടർനടപടി സ്വീകരിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 4 | 4.1 | തദ്ദേശസ്വയംഭരണം<br><br>ധനകാര്യം | നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള വ്യവസ്ഥയുള്ളപ്പോൾ തന്നെയാണ് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ നഗരസഭാ സർവ്വീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കുവാൻ പാടില്ല എന്ന് മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട് എന്ന ഒറ്റക്കാരണത്താൽ സർക്കാരിന്റെ അനുമതി കൂടാതെ സ്വേച്ഛാപ്രകാരം തസ്തിക സൃഷ്ടിക്കുവാനു ള്ള അധികാരം കൗൺസിലിന് നൽകിയിട്ടുള്ളതായി വ്യാഖ്യാനിക്കുവാനാവില്ല. ആയതിനാൽ, നഗരസഭകൾ സർക്കാരിന്റെ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരം പ്രവണത ഏതെങ്കിലും നഗരസഭകൾ അനുവർത്തിക്കുന്നുണ്ടെങ്കിൽ ആയത് നിർത്തി വയ്ക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. കൂടാതെ, |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ അനുമതി ഇല്ലാതെ നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ ഭരണവകുപ്പും ധനകാര്യവകുപ്പും സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 5. | 4.2 | തദ്ദേശസ്വയംഭരണം<br>ധനകാര്യം | നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള വ്യവസ്ഥയുള്ളപ്പോൾ തന്നെയാണ് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ നഗരസഭാ സർവ്വീസിൽ യാതൊരു തസ്തികയും സൃഷ്ടിക്കുവാൻ പാടില്ല എന്ന് മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നഗരസഭയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട് എന്ന ഒറ്റക്കാരണത്താൽ, സർക്കാരിന്റെ അനുമതി കൂടാതെ സ്വേച്ഛാപ്രകാരം തസ്തിക സൃഷ്ടിക്കുവാനുള്ള അധികാരം കൗൺസിലിനു നൽകിയിട്ടുള്ളതായി വ്യാഖ്യാനിക്കുവാനാവില്ല. ആയതിനാൽ, നഗരസഭകൾ സർക്കാരിന്റെ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരം പ്രവണത ഏതെങ്കിലും നഗരസഭകൾ അനുവർത്തിക്കുന്നുണ്ടെങ്കിൽ ആയത്, നിർത്തിവയ്ക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. കൂടാതെ, സർക്കാരിന്റെ അനുമതി ഇല്ലാതെ നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ ഭരണവകുപ്പും ധനകാര്യവകുപ്പും സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |